# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**


വാല്യം 44  ലക്കം 6
വാർഷിക വരിസംഖ്യ ₹ 100

Vol 44  No. 6
Annual Subscription ₹100




സ്വർഗാരോപണത്തിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും
ആശംസകൾ


പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്
ജൂലൈ 2026





# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 44 No. 6**

**വാല്യം 44 ലക്കം 6 കൈത്താക്കാലം ജൂലൈ 2026**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സഭാജീവിതം 5
- ശൂനായത്തിരുനാൾ 8
- ദൈവരാജ്യത്തിന്റെ ഫലങ്ങൾ നമ്മിൽ നിറയട്ടെ 12
- തെർമോമീറ്റർ 14
- ശ്ലൈഹികസഭകൾ: സത്യവിശ്വാസത്തിന്റെ സംരക്ഷകരും പ്രഘോഷകരും 17
- ബന്ധങ്ങളുടെ സുഗന്ധം 21
- സെനക്കിൾ തരംഗം 24
- മെസ്സേജ് 25
- ഹനനിയാ, മിഷായേൽ, അസറിയാ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# പാഴ്മരമല്ല, ഫലവൃക്ഷമാകുക



ഫിഫാ ലോകകപ്പ് മാമാങ്കം കഴിഞ്ഞിരിക്കുന്നു. നാലുവർഷത്തെ പരിശീലനങ്ങൾക്കും കാത്തിരിപ്പിനുമൊടുവിൽ പ്രതിഭ തെളിയിക്കാനെത്തിയ കായികതാരങ്ങളുടെ സന്തോഷ-ദുഃഖ കണ്ണീർത്തുള്ളികൾക്ക് നാം സാക്ഷിയായി. വിജയിച്ചവർക്ക് ആനന്ദത്തോടെയും പൊരുതി തോറ്റവർക്ക് അഭിമാനത്തോടെയും മടങ്ങാം. കപ്പു കിട്ടിയില്ലെങ്കിലും കൈയടികൾക്കർഹരാണ് എല്ലാവരും. ലോകകപ്പ് മത്സരവേദിയിൽ എത്തിയതുതന്നെ അവരുടെ അധ്വാനത്തിന്റെ ഫലമാണല്ലോ.

സഭയുടെ ആരാധനക്രമവത്സരത്തിൽ ഇത് കൈത്താക്കാലം. ശ്ലീഹന്മാരുടെ അടിത്തറയിൽ പണിയപ്പെട്ട സഭാതരു വളർന്ന് ഫലംചൂടിനില്ക്കുന്നത് ധ്യാനവിഷയമാക്കുന്ന ഈ കാലയളവിൽ, വിശ്വാസജീവിതത്തിൽ എന്തുമാത്രം വളർന്നു എന്നതും വിശുദ്ധിയുടെ ഫലങ്ങൾ എന്തുമാത്രം നല്കി എന്നതും സഭാമക്കളുടെയെല്ലാം വിചിന്തനവിഷയങ്ങളാണ്. മുപ്പതും അറുപതും നൂറും മേനി വിളവു പ്രതീക്ഷിച്ചാണ് 'വലിയ വിതക്കാരൻ' നമ്മുടെ ജീവിതമാകുന്ന വയലിൽ വിത്തുകൾ വിതച്ചിരിക്കുന്നത്. പരിശുദ്ധ കുർബാനയാകുന്ന ജീവരസം ശാഖകളായ നമ്മിലേക്ക് പ്രവഹിപ്പിക്കുന്ന മുന്തിരിച്ചെടിയായ മിശിഹാ വിശുദ്ധിയിൽ കുറഞ്ഞൊരു ഫലം നമ്മിൽനിന്നും പ്രതീക്ഷിക്കുമോ...! പ്രതീക്ഷിച്ച ഫലം തരാത്ത, മറ്റുള്ളവരുടെ വിശപ്പു ശമിപ്പിക്കാനാവാത്ത, അത്തിവൃക്ഷങ്ങൾക്ക് നിലനില്പ്പില്ല. അവ എന്തിനു വെറുതേ നിലം പാഴാക്കണം...?

ഭൂമിയ്ക്കു ഭാരമായി നില്ക്കുന്ന പാഴ്മരമല്ല, എല്ലാവർക്കും പ്രത്യാശയേകുന്ന ഫലവൃക്ഷമാണാകേണ്ടത്. അതിന് ചില വെട്ടിയൊരുക്കലുകൾക്ക് വിധേയമാകേണ്ടി വരും. തളിർത്തു വളർന്ന് വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഈ കാലം നമുക്ക് പ്രചോദനമാകട്ടെ!

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത - 110

# സഭാജീവിതം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭയുടെ വളർച്ചയും ആത്മീയവിളവെടുപ്പും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമ കാലമാണ് കൈത്താക്കാലം. 'കൈത്താ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'വേനൽക്കാലം' എന്നാണ്. വേനൽക്കാലമാണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം ഓർമ്മിപ്പിക്കുന്നത്. സഭയെ പുതിയനിയമം അവതരിപ്പിക്കുന്നത് പ്രതീകങ്ങളിലൂടെയാണ്. പ്രധാനമായും രണ്ടു പ്രതീകങ്ങളാണ് പുതിയനിയമം ഉപയോഗിക്കുന്നത്. 1. സഭ മിശിഹായുടെ ശരീരവും സഭാംഗങ്ങൾ ഈ ശരീരത്തിലെ അവയവങ്ങളും (1 കോറി 12,12-26); 2. മിശിഹാ മുന്തിരിച്ചെടിയും സഭാംഗങ്ങൾ ശാഖകളും (യോഹ 15,1-17).

### സഭ: മിശിഹായുടെ ശരീരം

സഭ മിശിഹായുടെ ശരീരമാണെന്നുള്ള വസ്തുത സഭയുടെ ഐക്യത്തെ പ്രതിനിധീകരിക്കുന്ന ഒരു പ്രതീകമാണ്. ഒരു മനുഷ്യന്റെ ശരീരത്തിലെ വിവിധ അവയവങ്ങൾ സഹകരിക്കുന്നതുപോലെയും ഒന്നായി പ്രവർത്തിക്കുന്നതുപോലെയുമാണ് മിശിഹായുടെ ശരീരമായ സഭാംഗങ്ങളും പ്രവർത്തിക്കേണ്ടത്. മാമോദീസാ സ്വീകരിച്ച് ഒരേ ആത്മാവിനെ പാനം ചെയ്താണ് ഏകശരീരം രൂപപ്പെട്ടത് (1 കോറി 12,13). ഒരു അവയവമല്ല, പലതു ചേർന്നതാണ് ശരീരം എന്നതാണ് (12,14) ഇവിടെ പ്രധാനം. സഭയ്ക്ക് അടിസ്ഥാനപരമായി ഒരുമയുണ്ട്. എന്നാൽ അത് ഒറ്റ അവയവമായിരിക്കുന്നതിലല്ല. ഒരുമയിലായിരിക്കുക എന്നതിനാണ് പൗലോസ്ശ്ലീഹാ ശ്രദ്ധ കൊടുക്കുന്നത്.

### ദൗത്യനിർവഹണം

വൈവിധ്യങ്ങൾ ശരീരത്തിലെ ചില കൂട്ടിച്ചേർക്കലുകളല്ല. അവ ശരീരത്തിന്റെ ഭാഗംതന്നെയാണ്. ഓരോ അവയവത്തിനും ശരീരത്തിൽ നല്കപ്പെട്ട ദൗത്യങ്ങൾ നിർവഹിക്കാനുള്ളതുപോലെ സഭയാകുന്ന ശരീരത്തിലും വിവിധ അംഗങ്ങൾക്ക് വിവിധ തരത്തിലുള്ള ദൗത്യങ്ങൾ നല്കപ്പെട്ടിരിക്കുന്നു. ഓരോ അംഗവും അതിന് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവഹിക്കണം. അപ്പോഴാണ് ശരീരത്തിന്റെ ഒരുമ യാഥാർത്ഥ്യമാവുക. സഭാംഗങ്ങൾ സഭയിലെ ഓരോരുത്തരുടെയും ആത്മീയദാനങ്ങളെ തിരിച്ചറിയുകയും വിലമതിക്കുകയും ചെയ്യണം. ആത്മീയവരങ്ങളുടെ സ്വഭാവമനുസരിച്ച് പ്രധാനപ്പെട്ടവരും പ്രാധാന്യം കുറഞ്ഞവരും എന്ന തരംതിരിവ് സഭയിൽ ഉണ്ടാവരുത്. തങ്ങളുടെ ദാനങ്ങളിൽ ദുരഭിമാനം കൊള്ളുകയും ഇതരരുടെ ദാനങ്ങളെ അവമതിക്കുകയും ചെയ്യുന്നവർ സഭാശരീരത്തിന് ദ്രോഹമാണ് ചെയ്യുന്നത്.

## മുന്തിരിച്ചെടിയും ശാഖകളും

സഭയെ അവതരിപ്പിക്കുവാൻ യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്ന പ്രതീകമാണ് "മുന്തിരിച്ചെടിയും ശാഖകളും" (യോഹ 15,1-17). ദൈവമായ കർത്താവിന്റെ മുന്തിരിത്തോപ്പാണ് തങ്ങൾ എന്ന് പഴയനിയമ ജനത വിശ്വസിച്ചിരുന്നു. ദൈവത്തെ കൃഷിക്കാരനായും ഇസ്രായേലിനെ മുന്തിരിച്ചെടിയും മുന്തിരിത്തോട്ടവുമായും സങ്കീർത്തനങ്ങളിലും പ്രവാചകഗ്രന്ഥങ്ങളിലും അവതരിപ്പിക്കുന്നുണ്ട് (സങ്കീ 80,8-15; ഏശ 27,2-6). ദൈവജനമായ ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹബന്ധത്തെ മുന്തിരിത്തോപ്പിനോടുള്ള ദൈവത്തിന്റെ സ്നേഹഗാനമായും (ഏശ 5,1-7) മുന്തിരിത്തോപ്പിനെക്കുറിച്ചുള്ള ദൈവത്തിന്റെ വിലാപമായും (ജറെ 2,11) പഴയനിയമം ചിത്രീകരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഈശോയും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാൻ മുന്തിരിച്ചെടിയുടെയും ശാഖകളുടെയും അന്യാപദേശം ഈശോ ഉപയോഗിക്കുന്നത്.

## ഈശോമിശിഹാ: മുന്തിരിച്ചെടി

"ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല" (യോഹ 15,5). ക്രിസ്തീയജീവിതം ഒരാദർശത്തിലോ തത്വസംഹിതയിലോ അല്ല, ഒരു വ്യക്തിയിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. അത് ഈശോമിശിഹായാണ്. ആ വ്യക്തിയുമായുള്ള ബന്ധമാണ് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. ദൈവത്തിന്റെ സാക്ഷാൽ മുന്തിരിച്ചെടി ഈശോമിശിഹായാണ്. പഴയനിയമ ദൈവജനമാകുന്ന മുന്തിരിച്ചെടികൾ ദൈവം പ്രതീക്ഷിച്ചവിധം ഫലങ്ങൾ പുറപ്പെടുവിക്കാതെ കാട്ടുമുന്തിരിപ്പഴം പുറപ്പെടുവിച്ചു (ഏശ 5,2). അതുകൊണ്ട് അവ തിരസ്കൃതമായി. ആ സ്ഥാനത്ത് ദൈവം പ്രതീക്ഷിക്കുന്നവിധം ഫലം പുറപ്പെടുവിക്കുന്ന യഥാർത്ഥ മുന്തിരിച്ചെടിയാകുന്ന ഈശോമിശിഹാ കടന്നുവന്നു. ഈശോയോടു ചേർന്നു നില്ക്കുന്ന ശാഖകളായിത്തീരുവാൻ പുതിയനിയമ ദൈവജനമാകുന്ന സഭാംഗങ്ങളോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

## ഈശോയുമായുള്ള സജീവബന്ധം

"എന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു" (15,2). ഈശോയിലുള്ള വിശ്വാസവും ഈശോയോടുള്ള പ്രതിബദ്ധതയും സജീവമായിരിക്കണം. ഈശോയോടുള്ള സജീവബന്ധത്തിന്റെ അടയാളമായി എടുത്തുപറയുന്നത് ഈശോയുടെ പുതിയ കല്പനാനുസരണമാണ്: "ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (15,12); "ഞാൻ നിങ്ങളോടു കല്പിക്കുന്നു, പരസ്പരം സ്നേഹിക്കുവിൻ" (15,17). ഈശോയോട് സജീവബന്ധം പുലർത്തി ഒട്ടിനില്ക്കുന്ന ശാഖകളായി വർത്തിച്ചെങ്കിലേ ഈശോയുടെ സ്നേഹത്തിന്റെ കല്പന പാലിക്കുന്നവരായി വർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഈശോയെപ്പോലെ സ്നേഹിക്കണമെങ്കിൽ ഈശോയുടെ അരൂപി ശിഷ്യരെ ധൈര്യപ്പെടുത്തണം. അപ്രകാരം ഈശോയുടെ ജീവചൈതന്യത്താൽ പരിപോഷിപ്പിക്കപ്പെട്ടും ശക്തിപ്രാപിച്ചും പരസ്പരം സ്നേഹിക്കുമ്പോൾ അരൂപിയുടെ ഫലങ്ങളാകുന്ന സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവ ശിഷ്യരായ നമുക്ക് അനുഭവവേദ്യമാകും. അപ്പോൾ നാം മുന്തിരിച്ചെടിയാകുന്ന മിശിഹായുടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന സജീവശാഖകളായി വളരുകയും ചെയ്യും.





## സഭാജീവിതവും സന്തോഷവും

ഈശോയുമായുള്ള ഐക്യത്തിന്റെ ആത്യന്തികലക്ഷ്യം സന്തോഷമാണ്: "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടിയാണ്" (15,11). ക്രിസ്തീയജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും ആത്യന്തികലക്ഷ്യം സന്തോഷമാണ്. യഥാർത്ഥ ആദ്ധ്യാത്മികതയുടെ അടയാളമാണ് സന്തോഷം. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നാണ് ഈ സന്തോഷം. യോഹന്നാൻശ്ലീഹാ തന്റെ മിശിഹാനുഭവവും സാക്ഷ്യവും വിവരിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ട്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്. ഞങ്ങൾ ഇതെഴുതുന്നത് നമ്മുടെ സന്തോഷം പൂർണമാകാനാണ്" (1 യോഹ 1,1-4). സഭാകൂട്ടായ്മാജീവിതം അതിന്റെ പൂർണതയിൽ നയിക്കുന്നവർ യഥാർത്ഥ സന്തോഷം അനുഭവിക്കുന്നവരായിരിക്കും. ഈ സന്തോഷം കേവലം മാനുഷികമോ താല്കാലികമോ അല്ല, പ്രത്യുത, ആന്തരികവും ആത്മീയവുമാണ്. അത് സ്വർഗീയസന്തോഷത്തിന്റെ ഒരു മുന്നാസ്വാദനവുമായിരിക്കും.

# ശൂനായത്തിരുനാൾ
## (മർത്ത് മറിയത്തിന്റെ സ്വർഗാരോപണം)

**റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്**
ചങ്ങനാശ്ശേരി അതിരൂപത



"**അ**മലോത്ഭവ ദൈവമാതാവ്, നിത്യകന്യകാമറിയം, ഈലോകജീവിതം അവസാനിപ്പിച്ചശേഷം, ആത്മശരീരങ്ങളോടെ സ്വർഗീയമഹത്ത്വത്തിലേയ്ക്ക് ആരോപിതയായി." 1951 നവംബർ ഒന്നാം തീയതി 12-ാം പീയൂസ് മാർപ്പാപ്പാ മാതാവിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞ വരികളാണ് മേലുദ്ധരിച്ചത്. 20-ാം നൂറ്റാണ്ടിൽമാത്രമാണ് പരി. കത്തോലിക്കാസഭ ഇങ്ങനെയൊരു വിശ്വാസപ്രഖ്യാപനം നടത്തിയത് എന്നു കരുതി, മാതാവിന്റെ സ്വർഗാരോപണവും സ്വർഗാരോപണത്തിരുനാളും സഭയുടെ പുതിയ ഒരു കണ്ടുപിടുത്തമാണ് എന്ന തെറ്റിദ്ധാരണ ഉണ്ടാകേണ്ട ആവശ്യമില്ല. കാരണം, വലിയ പാരമ്പര്യവും പഴമയും അവകാശപ്പെടുന്നതാണ് മാതാവിന്റെ സ്വർഗാരോപണത്തിലുള്ള വിശ്വാസവും തിരുനാളും. 1951-ലുള്ള പ്രഖ്യാപനംവഴി ഈ വിശ്വാസവും പാരമ്പര്യവും ഊട്ടിയുറപ്പിക്കുകയായിരുന്നു 12-ാം പീയൂസ് മാർപാപ്പാ.

### 1. തിരുനാളിന്റെ ചരിത്രം

5/6-ാം നൂറ്റാണ്ടുകൾക്കുമുമ്പ് പരി. കന്യകാമറിയത്തിന്റെ ജീവിതത്തിലെ ഓരോ സംഭവവും എടുത്ത് തിരുനാളായി ആഘോഷിക്കുന്ന പതിവില്ലായിരുന്നു. മറിച്ച്, ആരാധനക്രവത്സരത്തിൽ ഒരേയൊരു മരിയൻ തിരുനാൾ മാത്രമാണുണ്ടായിരുന്നത്. ആ തിരുനാൾ മറിയത്തിന്റെ "ഓർമ്മത്തിരുനാൾ" എന്നാണ് അറിയപ്പെട്ടിരുന്നത്.



#### a. മാതാവിന്റെ ഓർമ്മത്തിരുനാൾ

ഈ തിരുനാൾ ക്രിസ്തുമസ്സിനുശേഷം വരുന്ന ഏതെങ്കിലും ദിവസങ്ങളിലാണ് ആഘോഷിച്ചിരുന്നത്. ദൈവപുത്രനായ ഈശോയ്ക്കു ജന്മം നൽകിയ പരി. അമ്മയുടെ ഓർമ്മത്തിരുനാൾ ഈശോയുടെ ജന്മദിനത്തോടടുത്ത് അനുസ്മരിക്കുന്നത് എന്തുകൊണ്ടും അർത്ഥവത്താണല്ലോ. ഏറ്റവും പുരാതനമായ മരിയൻ തിരുനാളാണിത്.

പരി. കന്യകാമറിയത്തിന്റെ മാതൃത്വത്തെ അനുസ്മരിക്കുന്ന അതിപുരാതനമായ ഈ ഓർമ്മത്തിരുനാളിനു മറ്റൊരു പ്രത്യേകതകൂടിയുണ്ട്. മാതാവിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ഈ ഓർമ്മത്തിരുനാളിൽ അനുസ്മരിച്ചിരുന്നു എന്നത് പ്രാധാന്യമർഹിക്കുന്നു. പറുദീസായിലേക്കുള്ള പരി. കന്യകാമറിയത്തിന്റെ മഹത്ത്വത്തോടെയുള്ള പ്രവേശനവും ഈ ഓർമ്മത്തിരുനാളിൽ അനുസ്മരിക്കപ്പെട്ടിരുന്നു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

#### b. സ്വർഗാരോപണത്തിരുനാൾ

ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് മാതാവിന്റെ പറുദീസാപ്രവേശന (സ്വർഗാരോപണ)ത്തിരുനാൾ ഓഗസ്റ്റ് 15-ാം തീയതി ആഗോളസഭയിൽ ഔദ്യോഗികമായി ആഘോഷിക്കപ്പെടുവാൻ തുടങ്ങിയത്. ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജറുസലേം ഭരിച്ചിരുന്ന ചക്രവർത്തിയായ മൗറിസാണ് തന്റെ സാമ്രാജ്യത്തിൽ ഓഗസ്റ്റ് 15-ാം തീയതി ഈ തിരുനാൾ ആഘോഷിക്കപ്പെടണം എന്ന് പ്രഖ്യാപിച്ചത്.

### 2. തിരുനാളിനു മൂന്നു ശീർഷകങ്ങൾ

മൂന്നു പ്രധാനപ്പെട്ട വാക്കുകളാണ് മാതാവിന്റെ പറുദീസാപ്രവേശനത്തിരുനാളിനോട് അനുബന്ധിച്ചുള്ളത്. ഗ്രീക്കു പാരമ്പര്യത്തിൽ ഈ തിരുനാളിനെ മാതാവിന്റെ "ഉറക്കം" (ഇംഗ്ലീഷിൽ dormition എന്നും ഗ്രീക്കിൽ koimesis എന്നുമാണ് പറയുന്നത്) എന്നാണു വിശേഷിപ്പിക്കുന്നത്. സുറിയാനിയിൽ ഈ തിരുനാൾ "ശൂനായത്തിരുനാൾ" എന്ന് അറിയപ്പെടുന്നു. ഈ ഭൂമിയിൽനിന്നു പറുദീസായിലേയ്ക്കുള്ള മാതാവിന്റെ "കരേറ്റം" അല്ലെങ്കിൽ "സ്ഥലംമാറ്റം" എന്നൊക്കെയാണ് ഈ സുറിയാനിവാക്ക് അർത്ഥമാക്കുന്നത്. ലത്തീൻ സഭയിൽ ഇതിനെ *adsumtio*, അതായത് സ്വർഗാരോപണം എന്നാണ് വിളിക്കുന്നത്. ഇങ്ങനെ ഗ്രീക്ക്, സുറിയാനി, ലത്തീൻ സഭാപാരമ്പര്യങ്ങളിൽ വ്യത്യസ്തമായ പേരുകളിലാണ് ഈ തിരുനാൾ അറിയപ്പെടുന്നതെങ്കിലും ഇവ എല്ലാത്തിന്റെയും ദൈവശാസ്ത്രവ്യാഖ്യാനം ഒന്നുതന്നെയാണ്. ഈശോയുടെ അമ്മയായ പരി. കന്യകാമറിയം ഈ ലോകത്തിലെ വാസത്തിനുശേഷം പറുദീസായിലേയ്ക്ക് എടുക്കപ്പെട്ടു എന്നു തന്നെയാണ് ഈ മൂന്നു പാരമ്പര്യങ്ങളും വിശ്വസിക്കുന്നതും ഉദ്ഘോഷിക്കുന്നതും.

### 3. മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള വിശ്വാസം

മാതാവിന്റെ സ്വർഗാരോപണത്തെക്കുറിച്ച് വി. ഗ്രന്ഥത്തിൽ ഒരിടത്തും യാതൊരു സൂചനയുമില്ല. എങ്കിലും സഭയുടെ ആദ്യകാലഘട്ടത്തിൽതന്നെ മറിയത്തിന്റെ സ്വർഗാരോപണത്തിലുള്ള വിശ്വാസം ശക്തമായിരുന്നു എന്നു തെളിയിക്കുന്നതാണ് വലിയ സുറിയാനി പിതാവായ മാർ അപ്രേമിന്റെ ഒരു ഗീതം. ഈ ഗീതത്തിൽ മറിയം പറയുകയാണ്: "ഞാൻ എടുത്തിരുന്ന കുഞ്ഞുതന്നെ എന്നെയും വഹിച്ചു; മറിയം പറഞ്ഞു, അവൻ തന്റെ ചിറകുകൾ വിരിച്ച് എന്നെ ഉയർത്തി, തന്റെ ചിറകുകൾക്കിടയിൽവച്ച് വായുവിലൂടെ എന്നെ സംവഹിച്ചു." മാർ

അപ്രേമിന്റെ ഈ ഗീതം മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള സൂചനയാണു നൽകുന്നത്. എന്നാൽ ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽനിന്നാണ്.

ഈശോയുടെ ജനനം, കുട്ടിക്കാലം, മാതാവിന്റെ ജനനം, ഈലോകജീവിതം, മരണം, പറുദീസാപ്രവേശനം, ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചൊക്കെ ആദിമ നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട നിരവധി കൃതികളുണ്ട്. ഇത്തരം ഗ്രന്ഥങ്ങളുടെ ഉള്ളടക്കം മുഴുവനായും സഭ അംഗീകരിക്കുന്നില്ലെങ്കിലും ചില സത്യങ്ങൾ അവയിൽ ഒളിഞ്ഞിരിപ്പുണ്ട്. ഇത്തരം ഗ്രന്ഥങ്ങൾ പൊതുവെ അപ്പോക്രിഫൽ (അപ്രമാണിക) ഗ്രന്ഥങ്ങളുടെ പട്ടികയിലാണുള്ളത്.

അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മാതാവിന്റെ പറുദീസാപ്രവേശനത്തെക്കുറിച്ച് അനേകം അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ പ്രചരിക്കുകയുണ്ടായി. ഇവയിൽ പലതും സുറിയാനിയിലാണ് എഴുതപ്പെട്ടത് എന്നത് വളരെ ശ്രദ്ധേയമാണ്. അഞ്ചാം നൂറ്റാണ്ടിൽ രൂപപ്പെട്ട ഈ ഗ്രന്ഥങ്ങൾ 3-4 നൂറ്റാണ്ടുകളിൽ ഗ്രീക്കിൽ എഴുതപ്പെട്ട, എന്നാൽ നഷ്ടപ്പെട്ടുപോയ കയ്യെഴുത്തു പ്രതികളോടു ബന്ധപ്പെട്ടതോ, അവയുടെതന്നെ പകർപ്പുകളോ ആണെന്ന് അവകാശപ്പെടുന്ന അനേകം നിരീക്ഷകരുണ്ട്.

ഈ കയ്യെഴുത്തുപ്രതികളിൽ ശ്രദ്ധേയമായ ഒന്നാണ് "അരിമത്തിയാക്കാരൻ ജോസഫിന്റെ അപ്പോക്രിഫ." മറിയത്തിന്റെ മരണത്തെക്കുറിച്ചും പറുദീസാപ്രവേശനത്തെക്കുറിച്ചുമുള്ള ഗ്രന്ഥമാണിത്. ഇതിലെ പ്രതിപാദ്യം ഇങ്ങനെയാണ്:

മാതാവിന്റെ മരണത്തിനു മൂന്നു ദിവസം മുമ്പ് ഒരു മാലാഖ പ്രത്യക്ഷപ്പെടുകയും മാതാവിന്റെ മരണത്തക്കുറിച്ചുള്ള വാർത്ത അറിയിക്കുകയും ചെയ്തു. തന്റെ മരണത്തിനുമുമ്പ് ഈശോയുടെ ശിഷ്യന്മാരെ എല്ലാവരെയും കാണണമെന്ന് പരി. മറിയം ആഗ്രഹിച്ചു. തോമാശ്ലീഹാ ഒഴിച്ച് എല്ലാവരും മാതാവിന്റെ മരണക്കിടക്കക്കരുകിൽ എത്തുകയും അവളുടെ ദിവ്യമരണം ദർശിക്കുകയും ചെയ്തു. വളരെ വേദനയോടും മഹത്ത്വത്തോടുംകൂടി ശിഷ്യന്മാർ മാതാവിന്റെ ദിവ്യശരീരം കുഴിമാടത്തിൽ സംസ്കരിച്ചു. അപ്പോൾ അവിടെ വലിയ ഒരു പ്രകാശമുണ്ടാവുകയും ശിഷ്യന്മാരുടെ കണ്ണുകൾ മറയ്ക്കപ്പെടുകയും ചെയ്തു. ആ പ്രകാശപ്രഭയിൽ മാലാഖമാർ മാതാവിന്റെ ദിവ്യശരീരം പറുദീസായിലേയ്ക്കു കൊണ്ടുപോയി.

ഈ സമയത്താണ് ഇന്ത്യയിൽനിന്ന് തോമാശ്ലീഹാ മാതാവിനെ കാണുവാൻ വരുന്നത്. (തോമാശ്ലീഹാ ഇന്ത്യയിലായിരുന്നുവെന്ന് മാതാവിന്റെ പറുദീസാപ്രവേശനം സൂചിപ്പിക്കുന്ന എല്ലാ അപ്പോക്രിഫൽ ഗ്രന്ഥങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്). മാലാഖാമാർ തോമാശ്ലീഹായെ ഒലിവുമലയുടെ മുകളിൽ കൊണ്ടുപോവുകയും മാതാവ് പറുദീസായിലേയ്ക്കു പോകുന്നത് കാണിക്കുകയും ചെയ്തു. "ഓ പരി. മറിയമേ, ഞാൻ വലിയ മഹിമ കണ്ടിരിക്കുന്നു, നീ പറുദീസായിലേയ്ക്കു പോകുന്നതിനാൽ, നിന്റെ വലിയ കൃപാകടാക്ഷം നീ എന്നിൽ ചൊരിയണമേ" എന്ന് തോമാശ്ലീഹാ മാതാവിനോടു പ്രാർത്ഥിച്ചു. അപ്പോൾ മാതാവ് തോമാശ്ലീഹായെ നോക്കുകയും തന്റെ സൂനാറ (അരയിൽ കെട്ടുന്ന ചരട്) അദ്ദേഹത്തിനു നൽകുകയും ചെയ്തു.

പിന്നീട് തോമാശ്ലീഹാ ശിഷ്യന്മാരുടെ അടുക്കൽ എത്തി. മാതാവിന്റെ കബറിടം എവിടെയെന്നന്വേഷിക്കുകയും അതു തുറന്നു കാണണമെന്നു വാശിപിടിക്കുകയും ചെയ്തു. കബറിടം തുറന്നപ്പോൾ വലിയ അത്ഭുതം മറ്റു ശിഷ്യന്മാരും തിരിച്ചറിഞ്ഞു. അപ്പോൾ, സംഭവിച്ചതെല്ലാം തോമാശ്ലീഹാ മറ്റു ശിഷ്യന്മാരോടു പറഞ്ഞു. എല്ലാവരും മാതാവിന്റെ പറുദീസാപ്രവേശനത്തിൽ വിശ്വസിക്കുകയും ചെയ്തു.



**4. തിരുനാൾ എങ്ങനെ ആഘോഷിക്കണം?**

**a. നോമ്പ് - തിരുനാളിന് ഒരുക്കം**

സീറോ മലബാർ സഭയുടെ പാരമ്പര്യമായ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ഒട്ടുമിക്ക പ്രധാനപ്പെട്ട തിരുനാളുകൾക്കുംമുമ്പ് ഏതാനും ദിവസങ്ങൾ നോമ്പാചരിക്കുന്ന പതിവുണ്ട്. സ്വർഗാരോപണത്തിരുനാളിനു മുമ്പുള്ള 14 ദിവസം നോമ്പാചരിക്കുന്ന വലിയ പാരമ്പര്യം നമുക്കുണ്ട്. സുറിയാനി സഭകൾമാത്രമല്ല, ഗ്രീക്കുസഭകളും ഈ തിരുനാളൊരുക്കം കണിശതയോടെ പാലിക്കുന്നുണ്ട്. അതിനാൽ ഓഗസ്റ്റ് 1 മുതൽ 14 വരെയുള്ള ദിവസങ്ങൾ മത്സ്യ-മാംസാദികൾ വർജ്ജിക്കുന്നതോടൊപ്പം പരി. കന്യകാമറിയത്തിന്റെ ജീവിതത്തിൽ വിളങ്ങിയിരുന്ന പുണ്യങ്ങളായ ദൈവവിശ്വാസം, ദൈവഭയം, എളിമ, വിശ്വാസസമർപ്പണം എന്നിവ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും പരിശ്രമിക്കേണ്ടതുണ്ട്.

**b. പരി. കുർബാനയിലുള്ള പങ്കാളിത്തം**

കടമുള്ള ദിവസങ്ങളിൽ ഉൾപ്പെടുന്നതാണ് ഓഗസ്റ്റ് 15-ാം തീയതിയിലെ സ്വർഗാരോപണത്തിരുനാൾ. സഭ എത്രത്തോളം ഈ തിരുനാളിനു പ്രാധാന്യം കൊടുക്കുന്നു എന്നതാണ് ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത്.

14 ദിവസത്തെ നോമ്പിന്റെ ചൈതന്യത്തിൽ ഈ ദിവസം പരി. കുർബാനയ്ക്കായി അണയുമ്പോൾ തിരുനാളിന്റെ പൂർണ്ണതയാണ് നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത്. പരി. കന്യകാമറിയം ഈശോയെ ഉദരത്തിലും ഹൃദയത്തിലും വഹിച്ചെങ്കിൽ, പരി. കുർബാനയിൽ നമ്മൾ ഓരോരുത്തരും ഈശോയെ ശരീരത്തിലും ഹൃദയത്തിലും വഹിക്കുകയാണ്. ഈ ബോധ്യത്തോടെവേണം പരി. കുർബാനയ്ക്കായി നമ്മളണയേണ്ടത്.

**c. യാമപ്രാർത്ഥനകൾ**

കുടുംബാംഗങ്ങൾ എല്ലാവരും കുടുംബങ്ങളിൽ ഒന്നിച്ചുകൂടിയും ഇടവകദൈവാലയത്തിൽ ഇടവകാംഗങ്ങൾ ഒന്നിച്ചുകൂടിയും യാമപ്രാർത്ഥനകൾ ചൊല്ലുന്നത് വളരെ പഴക്കം ചെന്ന മിഴിവാർന്ന ഒരു പതിവാണ്. അത് നമ്മുടെ സഭയിൽ മാത്രമല്ല, മറ്റു സഭാപാരമ്പര്യങ്ങളിലും വളരെ ശക്തമായിത്തന്നെയുണ്ട്. ഓഗസ്റ്റ് 14-ാം തീയതി വൈകുന്നേരം റംശാപ്രാർത്ഥനയോടെയാണ് സ്വർഗാരോപണത്തിരുനാൾ ആരംഭിക്കുന്നത്. വി. ഗ്രന്ഥത്തിലും വി. പാരമ്പര്യത്തിലും അടിസ്ഥാനമുറപ്പിച്ചിട്ടുള്ള യാമപ്രാർത്ഥന ചൊല്ലുന്നതുവഴി സ്വർഗപ്രാപ്തിക്കായി മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടുകയും, അങ്ങനെ ദൈവത്തോടു ചേർന്നു ജീവിക്കുകയും ചെയ്യാം.

> ***"സ്വർഗാരോപിതയായ മറിയത്തിന്റെ പ്രാർത്ഥനകൾ ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ. അനുഗൃഹീതയും കൃപാവരപൂർണയുമായ പരിശുദ്ധ കന്യകാമറിയത്തെപ്പോലെ വചനം ഹൃദയത്തിൽ സംഗ്രഹിച്ചു സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ".***
>
> ***(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)***



# ദൈവരാജ്യത്തിന്റെ ഫലങ്ങൾ നമ്മിൽ നിറയട്ടെ

ബ്ലസ്സി ചേക്കയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**"ഞാ**ൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആകുന്നു. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കും. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ 15,5).

നല്ല മാതൃകാജീവിതം നയിച്ചുകൊണ്ടിരിക്കുന്ന പൂർവ്വകാല യുവജനങ്ങളെ ആദരിക്കുന്ന ഒരു യുവജന സമ്മേളനവേദിയിൽ ഏവരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ച ഒരു വ്യക്തിയുടെ ഒരു ജീവിതാനുഭവം ഇവിടെ വിവരിക്കട്ടെ.

യുവാവായിരുന്ന കാലത്ത് വളരെ തീക്ഷ്ണതയോടെ ദൈവാലയത്തിൽവന്നു പ്രാർത്ഥിക്കുകയും യുവജനങ്ങൾക്കായി നടത്തിയിരുന്ന മത്സരങ്ങളിൽ ആവേശത്തോടെ പങ്കുചേരുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം ആദ്യം തന്നെ അവിടെ കൂടിയിരുന്ന യുവതീയുവാക്കന്മാരോട് ചോദിച്ചു: "മറ്റ് ഒരിടത്തും പോയില്ലെങ്കിലും സ്വന്തം ഇടവക ദൈവാലയത്തിൽമാത്രം പോയി പ്രാർത്ഥിച്ചാൽ നിങ്ങളുടെ പ്രാർത്ഥന ദൈവം സാധിച്ചുതരുമെന്നു വിശ്വസിക്കുന്നവർ നിങ്ങളിൽ എത്ര പേരുണ്ട്?" എല്ലാവരും ഉത്തരം പറയുവാൻ മടിച്ചു നിൽക്കവെ അദ്ദേഹം തന്റെ ഒരു അനുഭവം പങ്കുവച്ചു. ഒൻപതാം ക്ലാസിൽ പഠിക്കുന്ന സമയം. അദ്ദേഹത്തിന്റെ കുടുംബത്തിന് ദൈവം വരദാനമായി നൽകിയ കച്ചവട മേഖലയിൽ സഹായിക്കാനായി ഒരു ദിവസം വീട്ടിൽനിന്നും നടന്നു പോകവേ കൈനോട്ടത്തിൽ പ്രാവീണ്യമുള്ള അയൽപക്കത്തുള്ള ഒരു ഹൈന്ദവസഹോദരൻ സ്നേഹപൂർവ്വം ആ മകന്റെ കൈകൾ തന്റെ കൈകളിൽ ചേർത്തുപിടിച്ച് ശ്രദ്ധയോടെ പരിശോധിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: "കുഞ്ഞേ, പതിനെട്ടു വയസ്സാകുന്ന സമയത്ത് നീ വഴിതെറ്റിയ ജീവിതത്തിന്നുടമയാകും. ഇരുപത്തിയഞ്ചു വയസ്സിനകം, ജയിലിൽ എത്തിച്ചേരാനുള്ള എല്ലാ സാദ്ധ്യതകളും നിന്റെ ജീവിതരേഖയിൽ കാണുന്നുണ്ട്''. ആ സമയം വലിയ വിഷമത്തോടെ അവൻ കൈനോട്ടക്കാരനോടു ചോദിച്ചു: "ഇതിന് എന്തെങ്കിലും പരിഹാരമുണ്ടോ?" അപ്പോൾ കൈനോട്ടക്കാരൻ നിസഹായതയോടെ മറുപടി പറഞ്ഞു: "മകനേ, തലേവര ആർക്കാണ് മാറ്റാൻ കഴിയുക?"?

അന്നുമുതൽ അവന്റെ ജീവിതത്തിൽ ഒരു വലിയ മാറ്റം ആരംഭിച്ചു. അവൻ തന്റെ ഇടവക ദൈവാലയത്തിലെത്തി, പരിശുദ്ധ കന്യകാമറിയത്തിന്റെയും ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ അന്തോനീസിന്റെയും മാദ്ധ്യസ്ഥ്യംതേടി ദൈവസന്നിധിയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ തുടങ്ങി. എല്ലാ ഞായറാഴ്ചയും പരിശുദ്ധ കുർബാനയിൽ തീഷ്ണതയോടെ പങ്കുചേർന്നു. ഓരോ നിമിഷത്തിലും അവന്റെ ഹൃദയത്തിൽനിന്ന് ഒരേയൊരു നിലവിളി ദൈവ സന്നിധിയിലേക്ക് ഉയർന്നു: കർത്താവേ, കൈനോട്ടക്കാരൻ പറഞ്ഞതുപോലെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കരുതേ. എന്നെ അങ്ങ് കാത്തുരക്ഷിക്കണമേ; അങ്ങയുടെ വിശുദ്ധ ഹിതപ്രകാരം എന്നെ നയിക്കണമേ.

അദ്ദേഹം തുടർന്നു: "ഇപ്പോൾ എനിക്ക് അമ്പത്തൊൻപത് വയസായി. കൈനോട്ടക്കാരൻ പറഞ്ഞതുപോലെ ഒന്നും എന്റെ ജീവിതത്തിൽ സംഭവിച്ചില്ല. മാത്രമല്ല, ഞാൻ അതിശയിക്കത്തക്കവിധം വലിയ അനുഗ്രഹങ്ങൾ നൽകി ദൈവം എന്നെ ഉയർത്തി. വളരെ





നല്ല ഒരു ജീവിതപങ്കാളിയെ ദൈവം എനിക്കു നൽകി. വളരെ നല്ലവരായ മൂന്ന് ആൺമക്കളെ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങളുടെ മക്കളും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ പരിശുദ്ധ കുർബാനയിലും വിശ്വാസപരിശീലനത്തിലും പങ്കുചേരുവാൻ ഞങ്ങളുടെ കുടുംബം ആത്മാർത്ഥമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു." വളരെ ഹൃദയസ്പർശിയായ അദ്ദേഹത്തിന്റെ വാക്കുകൾ അവിടെ കൂടിയിരുന്ന ഏവർക്കും പ്രത്യേകിച്ച് ആ കുടുംബത്തെ അടുത്തറിഞ്ഞിരുന്നവർക്ക് ഏറെ പ്രചോദനാത്മകമായിരുന്നു.

"തന്റെ ദൈവത്തിൽ ആശ്രയിച്ചിരുന്നതുകൊണ്ട് അവന് ഒരു പോറൽപോലും ഏറ്റതായി കണ്ടില്ല" (ദാനിയേൽ 6,23b) സിംഹക്കുഴിയിൽ അകപ്പെട്ട ദാനിയേലിനെ അത്യത്ഭുതകരമായി പരിപാലിച്ചതുപോലെ അന്നുമുതൽ ഇന്നുവരെയും തന്നെയും ദൈവം തന്റെ കുടുംബത്തെയും, ആവശ്യമായതെല്ലാം തക്ക സമയത്ത് നൽകി അത്യത്ഭുതകരമായി പരിപാലിക്കുന്നുവെന്ന്, വ്യക്തിപരമായി അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അദ്ദേഹം പങ്കുവച്ചു.

ദൈവത്തിന്റെ ഏകജാതനായ ഈശോമിശിഹായിലുള്ള ആഴമായ വിശ്വാസവും ജീവിതത്തിന്റെ ഏതു പ്രതികൂല സാഹചര്യങ്ങളിലും അവിടുന്നിൽ ശരണം വയ്ക്കാനുള്ള പരിശുദ്ധാത്മനിറവും നൽകി, നമ്മുടെ ദേശത്തും, ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാൻ ദിവ്യഗുരുവിന്റെ കല്പന ശിരസ്സാവഹിച്ച് ആദ്യമായി ഇറങ്ങിത്തിരിച്ചവർ ശ്ലീഹന്മാരാണ്. ഈ ശ്ലീഹന്മാരുടെ ശക്തമായ സാക്ഷ്യജീവിതത്തെയും, അവരുടെ പ്രവർത്തനങ്ങളെ ഫലദായകമാക്കി, സകല ജനതകൾക്കുംവേണ്ടി ഈ സുവിശേഷം പ്രഘോഷിക്കുവാൻ ഇന്നും ആഹ്വാനം ചെയ്യുന്ന നല്ല ദൈവത്തിന്റെ സ്നേഹത്തെയും കരുണയെയും ഓർത്ത് നമുക്കു നന്ദി പറയാം.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സുവിശേഷം പ്രഘോഷിച്ച ശ്ലീഹന്മാരെ അസൂയ നിറഞ്ഞ് പ്രധാന പുരോഹിതനും സദുക്കായരും ബന്ധിച്ച് പൊതുകാരാഗൃഹത്തിലടച്ചു. എന്നാൽ കർത്താവിന്റെ ദൂതൻ അവരെ രാത്രിയിൽ കാരാഗൃഹത്തിൽനിന്നും മോചിപ്പിച്ച് അവരോടി പ്രകാരം പറഞ്ഞു: "നിങ്ങൾ ദൈവാലയത്തിൽച്ചെന്ന് എല്ലാ ജനങ്ങളോടും ജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ'' (ശ്ലീഹ 5,20). ശ്ലീഹന്മാർ അപ്രകാരം വചനം പ്രഘോഷിച്ചപ്പോൾ ക്ഷുഭിതരായി അവരെ വധിക്കുവാൻ ആഗ്രഹിച്ച പ്രധാന പുരോഹിതനോടും ജന പ്രമാണികളോടും നിയമോപദേഷ്ടാവും സകലർക്കും ആദരണീയനുമായ ഗമാലിയേൽ പറഞ്ഞത് ഇപ്രകാരമാണ്: "ഈ ആലോചനയും ഉദ്യമവും മനുഷ്യനിൽ നിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച് ദൈവത്തിൽ നിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. മാത്രമല്ല, ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും" (ശ്ലീഹ 5,38-39).

ലോകത്തിന്റെ പ്രകാശമായി, സമാധാനരാജാവായി, സകല മനുഷ്യരുടെയും രക്ഷകനായി കടന്നുവന്ന മിശിഹാനാഥനെ അറിയുവാൻ അവിടുത്തെ ശ്ലീഹന്മാരിലൂടെയും അനുയായികളിലൂടെയും ഭാഗ്യം ലഭിച്ചവർ, അവിടുത്തെ വഴിയിലൂടെ സഞ്ചരിക്കുന്നവർ, അനുഗ്രഹിക്കപ്പെട്ടവരാണ്. ഇന്നത്തെ ലോകത്തിലെ 830 കോടി ജനങ്ങളിൽ 230 കോടി പേർക്കു മാത്രമാണ് (30 ശതമാനം) അതിനുള്ള ഭാഗ്യം ലഭിച്ചിട്ടുള്ളത്.

സകല മനഷ്യരെയും സ്നേഹിക്കുന്ന, എല്ലാവരും സത്യം അറിഞ്ഞ് രക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന, എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ ആഹ്വാനം ചെയ്ത (മത്താ 28,18-20) നമ്മുടെ കർത്താവിന്റെ പ്രേഷിതകല്പന ശിരസ്സാവഹിച്ചുകൊണ്ട് വാക്കിലൂടെയും ജീവിതമാതൃകയിലൂടെയും പരിശുദ്ധാത്മാവു നൽകുന്ന ദിവ്യപ്രചോദനങ്ങളിലൂടെയും നമുക്ക് ആത്മാർത്ഥമായി ഈശോയുടെ സുവിശേഷം പകർന്നു നൽകുവാൻ പരിശ്രമിക്കാം. അപ്രകാരം ദൈവരാജ്യത്തിന്റെ സത്ഫലങ്ങളാൽ ലോകം മുഴുവൻ അനുഗ്രഹിക്കപ്പെടാൻ നല്ല ദൈവം ഇടവരുത്തുവാൻ നമുക്കു പ്രാർത്ഥിക്കാം.



# തെർമോമീറ്റർ

**സാബി കോഴിക്കോട്**

"**കാ**ണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല" (1 യോഹ 4, 20).

ഇന്ന് മനുഷ്യൻ അതിവേഗം വളരുകയാണ്. സാങ്കേതികവിദ്യയുടെ കൊടുമുടികൾ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. ലോകം നമ്മുടെ കൊച്ചുകൈവെള്ളയിൽ ഒതുങ്ങിക്കഴിഞ്ഞു. എങ്കിലും മനഃസാക്ഷിയെ നോവിക്കുന്ന ഒരു ചോദ്യം ഉയരുന്നു. മനുഷ്യൻ യഥാർത്ഥത്തിൽ കൂടുതൽ സ്നേഹമുള്ളവനായോ? ബന്ധങ്ങൾ വർദ്ധിക്കുന്നതിനുപകരം അകലുകയാണ്. ആശയവിനിമയത്തിനുള്ള മാർഗ്ഗങ്ങൾ ഏറിയിട്ടും ഹൃദയങ്ങൾ തമ്മിലുള്ള അകലം കൂടുകയാണ്. സോഷ്യൽ മീഡിയായിൽ ആയിരക്കണക്കിന് സുഹൃത്തുക്കൾ ഉള്ളവർക്കുപോലും ജീവിതത്തിൽ മനസ്സു തുറക്കാൻ ഒരാൾപോലും ഇല്ലാത്ത അവസ്ഥ.... ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുകയാണ് ദൈവദാസൻ വില്യം ജക്വീന്താ. അദ്ദേഹം പറയുന്നു: "സഹജീവികളോടുള്ള സ്നേഹമാണ് ദൈവസ്നേഹത്തിന്റെ തെർമോമീറ്റർ".

തെർമോമീറ്റർ ശരീരത്തിന്റെ ചൂടളക്കുന്നതുപോലെ നമ്മുടെ ഹൃദയത്തിലെ ദൈവസ്നേഹത്തിന്റെ അളവ് നിർണയിക്കുന്നത് സഹജീവികളോടുള്ള സമീപനമാണ്. ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടുനടന്നാലും ദൈവാലയത്തിൽ എത്ര മണിക്കൂർ പ്രാർത്ഥിച്ചാലും നമ്മുടെ ജീവിതത്തിൽ കരുണയും ക്ഷമയും പങ്കുവയ്ക്കലും ഇല്ലെങ്കിൽ ആ സ്നേഹം അപൂർണമാണ്. അതുകൊണ്ടാവണം 'ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു' എന്ന് യോഹന്നാൻശ്ലീഹാ തറപ്പിച്ചു പറയുന്നത്.

നമ്മുടെ സ്നേഹത്തിന്റെ ആധാരം ഈശോമിശിഹായാണല്ലോ. പരസ്യജീവിതത്തിലുടനീളം അവിടുന്ന് വിശന്നവന് അപ്പമേകി, രോഗികൾക്ക് സൗഖ്യമേകി, വഴിതെറ്റിയവർക്ക് നേരായ പാത തെളിച്ചുകൊടുത്തു, പാപികളോട് കരുണ കാണിച്ചു, തന്നെ ക്രൂശിച്ചവർക്കുപോലും ക്ഷമ കൊടുത്തു. വാക്കുകളിൽ ഒതുങ്ങാത്ത പ്രവൃത്തികളിലേക്ക് ഒഴുകിയിറങ്ങുന്ന ഒരു സ്നേഹം അവന്റെ ജീവിതത്തിന്റെ സവിശേഷതയായിരുന്നു. അവൻതന്നെ സ്നേഹമായിരുന്നല്ലോ. അതുകൊണ്ടുതന്നെ അവിടുന്ന് ശിഷ്യരെ ഇപ്രകാരം പഠിപ്പിച്ചു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 15,12). ക്രിസ്തീയജീവിതത്തിന്റെ യഥാർത്ഥ അടയാളം കുരിശ് ധരിക്കുന്നതിലോ കുരിശ് വരയ്ക്കുന്നതിലോ ഭവനത്തിലും സ്ഥാപനങ്ങളിലും കുരിശ് തൂക്കുന്നതിലോ ആരാധനകളിൽ പങ്കെടുക്കുന്നതിലോ ഒതുങ്ങുന്നതല്ല. മറിച്ച് ക്രൂശിതനെ ഹൃദയത്തിൽ സംവഹിക്കുന്നതിലും ഉത്ഥിതനെ ജീവിതത്തിലൂടെ പ്രഘോഷിക്കുന്നതിലും മിശിഹായെപ്പോലെ സ്നേഹിക്കുന്നതിലുമാണ്.

ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി സ്നേഹത്തിന്റെ ക്ഷാമമാണ്. കുടുംബങ്ങളിൽ പരസ്പരവിശ്വാസം നഷ്ടപ്പെടുന്നു. ചെറിയ അഭിപ്രായവ്യത്യാസങ്ങൾ വിവാഹമോചനത്തിലേക്കും കുടുംബത്തിന്റെ വിഘടനത്തിലേക്കും നയിക്കുന്നു. വയോധികരായ മാതാപിതാക്കൾ ഏകാന്തതയിൽ കഴിയുന്നു. കുട്ടികൾ മാതാപിതാക്കളുടെ സമയവും സാന്നിധ്യവും ലഭിക്കാതെ വളരുന്നു. സമൂഹത്തിൽ അസഹിഷ്ണുതയും വിദ്വേഷവും വർദ്ധിക്കുന്നു. ഇങ്ങനെയുള്ള ഒരു ലോകത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ മരുന്ന് സ്നേഹം മാത്രമാണ്.

ഇന്ന് കുടുംബത്തിൽ എല്ലാവരും ഒരേ മുറിയിലായിരിക്കും. എന്നാൽ ഓരോരുത്തരും ഓരോ സ്ക്രീനുകളിലാണ്. മക്കൾ മാതാപിതാക്കളോട് സംസാരിക്കുന്നതിനേക്കാൾ കൂടുതൽ സമയം ഫോണിനോട് സംസാരിക്കുന്നു, അതിനോടൊത്ത് ചിരിക്കുന്നു, ചിന്തിക്കുന്നു, കളിക്കുന്നു. മാതാപിതാക്കൾ ജോലിയുടെ തിരക്കിലും മക്കൾ സ്ക്രീൻ അഡിക്ഷനിലും ആയിപ്പോകുമ്പോൾ മുഖാഭിമുഖം നോക്കിയുള്ള സ്നേഹസംഭാഷണങ്ങൾക്ക് എവിടെ സ്ഥാനം! ഒരു ദിവസം പത്തു മിനിറ്റെങ്കിലും മൊബൈൽ മാറ്റിവച്ച് കുടുംബാംഗങ്ങളോട് ഹൃദയം തുറന്നു സംസാരിക്കാനായാൽ അവിടെ ഉറഞ്ഞുപോയ സ്നേഹം വീണ്ടും തളിർത്തുവരുന്നത് നമുക്കു കാണാം.

ഒരിക്കൽ ഒരു വൃദ്ധസദനം സന്ദർശിക്കവേ ഒരാൾ ഇപ്രകാരം പറഞ്ഞു: "എനിക്ക് മക്കൾ പണം അയയ്ക്കുന്നുണ്ട്. പക്ഷേ അവർ ഒരിക്കലെങ്കിലും എന്നെ ഒന്നു കാണാൻ വന്നിരുന്നെങ്കിൽ, എന്നോടൊപ്പം അല്പസമയം ചെലവഴിച്ചിരുന്നെങ്കിൽ, കൊച്ചുമക്കളുടെ ഒരു ചുംബനം ലഭിച്ചിരുന്നെങ്കിൽ... അതാണ് ഞാൻ ആഗ്രഹിക്കുന്ന ഏറ്റവും വലിയ സമ്മാനം". സ്നേഹം പണംകൊണ്ട് അളക്കാനാവില്ല. സമയം കൊടുക്കുന്നതും ശ്രദ്ധയോടെ കേൾക്കുന്നതും ചേർത്തുപുണരുന്നതും കൈപിടിക്കുന്നതും പലപ്പോഴും മറ്റു വലിയ ദാനത്തേക്കാൾ വിലപ്പെട്ടതാണ്.

ദൈവത്തെ കാണണമെങ്കിൽ മനുഷ്യനെ സ്നേഹിക്കണം. കാരണം വയോധികരിലും നിരസിക്കപ്പെട്ട കുഞ്ഞിലും കണ്ണീർ പൊഴിക്കുന്ന അമ്മയിലും മിശിഹാ ഇന്നും ജീവിക്കുന്നു. അവരെ സ്നേഹിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ ദൈവത്തെ ആരാധിക്കുന്നത്. അതുകൊണ്ടാവണം അന്ത്യവിധിയുടെ ചോദ്യപേപ്പറിൽ നീ എത്രമാത്രം പ്രാർത്ഥിച്ചു എന്ന ചോദ്യം ഉൾപ്പെടുത്താതെ, 'എനിക്കു വിശന്നു, നീ എനിക്കു ഭക്ഷണം തന്നോ? ഞാൻ രോഗിയായിരുന്നു നീ എന്നെ സന്ദർശിച്ചോ?' തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചത്. മറ്റുള്ളവരുടെ വേദന കാണുമ്പോൾ ഒരു ലൈക്ക് അല്ലെങ്കിൽ ഒരു 'സാഡ് ഇമോജി' നൽകുക എളുപ്പമാണ്. എന്നാൽ നേരിട്ട് അവരെ സന്ദർശിക്കാനും ആശ്വസിപ്പിക്കാനും സഹായിക്കാനും നാം എത്രമാത്രം തയ്യാറാണ്? സ്നേഹം അനുഭവപ്പെടേണ്ടതാണ്; പ്രദർശിപ്പിക്കപ്പെടേണ്ടതല്ല.

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ മദർ തെരേസയോടു ചോദിച്ചു: “ലോകത്തിലെ ഏറ്റവും വലിയ ദാരിദ്ര്യം എന്താണ്?” അവർ മറുപടി പറഞ്ഞു. “വിശപ്പല്ല, ഉപേക്ഷിക്കപ്പെട്ടവനാണെന്ന തോന്നലാണ് ഏറ്റവും വലിയ ദാരിദ്ര്യം”. അപരന്റെ അടുത്തായിരിക്കുക എന്നതു മാത്രമാണ് ഇതിനുള്ള ഏകപരിഹാരം.

അടുത്ത കാലത്തായി കൃത്രിമബുദ്ധി മനുഷ്യന്റെ പല ജോലികളും ഏറ്റെടുത്തു ചെയ്യുന്നു. യന്ത്രങ്ങൾക്ക് കണക്കുകൂട്ടാൻ കഴിയും; എന്നാൽ കരയുന്നവന്റെ കണ്ണുനീർ തുടയ്ക്കാൻ കഴിയില്ല. റോബോട്ടിന് ഭക്ഷണം വിളമ്പാൻ കഴിയും; പക്ഷേ സ്നേഹത്തോടെ വിളമ്പാൻ കഴിയില്ല. സാങ്കേതികവിദ്യ നല്ലതുതന്നെ. എന്നാൽ മനുഷ്യന്റെ ഹൃദയത്തിലെ സ്നേഹം കുറയരുത്. കാരണം ലോകത്തെ പടുത്തുയർത്തുന്നതു യന്ത്രങ്ങളല്ല. സ്നേഹമുള്ള മനുഷ്യരാണ്.

ഇത് ഓരോ ക്രൈസ്തവനും തന്റെ ജീവിതം പരിശോധിക്കേണ്ട സമയംകൂടിയാണ്. നമ്മുടെ പ്രാർത്ഥനകൾ ദീർഘമാണോ എന്നതല്ല പ്രധാനമായ ചോദ്യം. നമ്മുടെ സ്നേഹം ആഴമുള്ളതാണോ എന്നതാണ്. നമ്മുടെ പ്രാർത്ഥനകൾ ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ അത് സഹജീവികളോടുള്ള സ്നേഹമായി വിരിയണം. ദൈവസ്നേഹം ഹൃദയത്തിൽ നിറയുമ്പോൾ അത് സ്വാഭാവികമായി മനുഷ്യസ്നേഹമായി ഒഴുകും. ആ സ്നേഹമാണ് ക്രിസ്തുശിഷ്യത്വത്തിന്റെ യഥാർത്ഥ അടയാളം.

ഈശോയാണ് നമ്മുടെ ജീവിതത്തിന്റെ ഏക അളവുകോൽ; സ്നേഹമല്ലാതെ മറ്റൊന്നും ഈശോയിൽനിന്നും പുറപ്പെട്ടിട്ടില്ല. പുറപ്പെടുകയുമില്ല. മാർട്ടിൻ ലൂഥർ കിംഗ് ഇപ്രകാരം പറയുന്നു: “ലോകചരിത്രത്തിൽ വാക്കും പ്രവൃത്തിയും തമ്മിൽ ഇത്രമാത്രം യോജിച്ച ഉദാത്ത മാതൃക ഈശോയിലല്ലാതെ മറ്റാരിലും ഒരിക്കലും കണ്ടിട്ടില്ല”.

നമ്മുടെ ആത്മീയജീവിതത്തിൽ യഥാർത്ഥ തെർമോമീറ്റർ എത്ര നോമ്പു നോറ്റു, എത്ര തീർത്ഥാടനം നടത്തി, എത്ര പ്രാർത്ഥനകൾ ഉരുവിട്ടു എന്നതല്ല. നമ്മൾ എത്രമാത്രം സ്നേഹിച്ചു, ക്ഷമിച്ചു, പങ്കുവച്ചു, എത്രമാത്രം മറ്റുള്ളവരുടെ ജീവിതത്തിൽ വെളിച്ചമായി മാറി എന്നതാണ്. ലോകം ഇന്ന് അന്വേഷിക്കുന്നത് വാഗ്മികളെയല്ല; സ്നേഹത്തിന്റെ സാക്ഷികളെയാണ്. നമുക്കും അത്തരം സാക്ഷികളാകാം. അപ്പോൾ നമ്മുടെ ജീവിതം തന്നെ ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സുവിശേഷമാകും. സഹജീവിസ്നേഹത്തിന്റെ ചൂട് ഉയരുന്നിടത്താണ് ദൈവസ്നേഹത്തിന്റെ അളവും ഉയരുന്നത്. അതാണ് നമ്മുടെ ആത്മീയജീവിതത്തിന്റെ യഥാർത്ഥ തെർമോമീറ്റർ. നമ്മുടെ നന്മപ്രവൃത്തിയുടെ തെർമോമീറ്ററിലൂടെ ദൈവസ്നേഹത്തിന്റെ ഊഷ്മാവ് അപരൻ തിരിച്ചറിയട്ടെ.

**“സഹജീവികളോടുള്ള സ്നേഹമാണ് ദൈവസ്നേഹത്തിന്റെ തെർമോമീറ്റർ”**

**ദൈവദാസൻ വില്യം ജക്വീന്താ**






# ശ്ലൈഹികസഭകൾ
## സത്യവിശ്വാസത്തിന്റെ സംരക്ഷകരും പ്രഘോഷകരും

**റവ. ഡോ. ജയിംസ് ചവറപ്പുഴ**
**നസ്രാണി റിസേർച്ച് സെന്റർ, നല്ലതണ്ണി**

**“ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു”.** എല്ലാ ശ്ലൈഹികസഭകളും പരിശുദ്ധ കുർബാനയിലും പരിശുദ്ധ മാമോദീസാവേളയിലും ഉറച്ചവിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടി ആവർത്തിച്ചുചൊല്ലുന്ന വിശ്വാസസത്യമാണിത്. സത്യസഭയുടെ അടിസ്ഥാന നാലു വിശേഷണങ്ങളിൽ ഒന്നാണ് ‘ശ്ലൈഹികത’. ശ്ലീഹന്മാരുമായി ബന്ധപ്പെട്ടത് എന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ‘ശ്ലീഹാ’ എന്ന സുറിയാനിവാക്കിന്റെ അർത്ഥം ‘അയയ്ക്കപ്പെട്ടവൻ’, ‘സന്ദേശവാഹകൻ’, ‘മിഷനറി’ എന്നൊക്കെയാണ്. ഗ്രീക്ക് പാരമ്പര്യത്തിൽ തത്തുല്യമായ പദമാണ് ‘അപ്പസ്തോലൻ’. മിശിഹായാൽ സ്ഥാപിക്കപ്പെട്ട്, ശ്ലീഹന്മാരുടെമേൽ അടിസ്ഥാനമിട്ട്, സഭാപിതാക്കന്മാരാൽ ഉറപ്പിക്കപ്പെട്ട സഭയെ ‘ശ്ലൈഹികസഭ’ എന്ന് വിളിക്കുന്നു. സഭ ശ്ലൈഹികമെന്ന് വിളിക്കപ്പെടാൻ കാരണം പ്രത്യേക ദൗത്യവുമായി മിശിഹായാൽ അയയ്ക്കപ്പെട്ട ശ്ലീഹന്മാരുടെമേൽ സ്ഥാപിക്കപ്പെട്ടതാണ് സഭ എന്നതാണ്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം മൂന്നുവിധത്തിലാണ് ശ്ലൈഹികതയെ അവതരിപ്പിക്കുന്നത് (857–865).

1. ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേലാണ് സഭ പടുത്തുയർത്തപ്പെട്ടതും നിലനിൽക്കുന്നതും (എഫേ 2,20; വെളി 21,14). അവർ (ശ്ലീഹന്മാർ) മിശിഹായാൽതന്നെ തിരഞ്ഞെടുക്കപ്പെടുകയും അയയ്ക്കപ്പെടുകയും ചെയ്ത സാക്ഷികളാണ് (മത്താ 28,16–20; ശ്ലീഹ 1,8; 1 കോറി 9,1; 15,7–8; ഗലാ 1,1). അതായത് സഭയെ നയിച്ച വിവേകമുള്ള കാര്യസ്ഥന്മാരാണ് ശ്ലീഹന്മാർ.

2. സഭ തന്നിൽ വസിക്കുന്ന റൂഹാദ്ക്കുദ്ശായുടെ സഹായത്താൽ ശ്ലീഹന്മാരിൽനിന്നു ലഭിച്ച 'മഹാരഹസ്യങ്ങൾ' സൂക്ഷിക്കുകയും പകർന്നുകൊടുക്കുകയും ചെയ്യുന്നു. അതായത് ശാശ്വതമായ പൗരോഹിത്യം നിലനിൽക്കുന്നത് ശ്ലൈഹിക സഭയിലാണ്. ഈ സഭയിലാണ് പൗരോഹിത്യശുശ്രൂഷ വഴി ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുകയും പകർന്നു കൊടുക്കപ്പെടുകയും ചെയ്യുന്നത്.

3. മിശിഹായുടെ രണ്ടാമത്തെ വരവുവരെ സഭ ശ്ലീഹന്മാരാൽ തുടർന്ന് പഠിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പഠിപ്പിക്കൽ, വിശുദ്ധീകരിക്കൽ, നയിക്കൽ എന്നീ ശുശ്രൂഷകൾ നിർവ്വഹിക്കപ്പെടുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ/ശ്ലൈഹിക സൂനഹദോസുകളിലൂടെ ആണ്. ശ്ലീഹന്മാരിൽ പ്രഥമനായ കേപ്പാശ്ലീഹായുടെ പിൻഗാമികളായ മാർപാപ്പായുമായുള്ള മെത്രാന്മാരുടെ ശ്ലൈഹികകൂട്ടായ്മയിലാണ് ഈ ത്രിവിധ ദൗത്യങ്ങൾ പ്രകടമാകുന്നത്.

പ്രേഷിതദൗത്യം പിതാവിൽനിന്നു തനിക്ക് ലഭിച്ചതിനോടാണ് ശ്ലീഹന്മാരെ ഈശോ ബന്ധിപ്പിക്കുന്നത്. "പുത്രന് തനിയെ ഒന്നും ചെയ്യാൻ കഴിയില്ല" (യോഹ 5,19,30, യോഹ 15,5). അതുപോലെ ഈശോ അയയ്ക്കുന്നവർക്കും അവിടുത്തെ കൂടാതെ ഒന്നും ചെയ്യാൻ കഴിയില്ല. കർത്താവിൽനിന്നാണ് ശ്ലീഹന്മാർ തങ്ങൾ നിർവ്വഹിക്കാനുള്ള ദൗത്യത്തിന്റെ കല്പനയും അത് നിർവ്വഹിക്കാനുള്ള അധികാരവും സ്വീകരിച്ചത്.

ശ്ലീഹന്മാർ 'പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരും' 'ദൈവത്തിന്റെ സേവകരും' 'മിശിഹായുടെ സ്ഥാനപതികളും' 'ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥന്മാരും' ആണ് (1 കോറി 3,6; 2 കോറി 6,4, 5,20; 1 കോറി 4,1). മിശിഹായുടെ ഉത്ഥാനത്തിനു സാക്ഷ്യം വഹിച്ചവരാണവർ. വ്യത്യസ്ത രീതികളിലാണ് ഈ ഉത്ഥാനാനുഭവം ശ്ലീഹന്മാർക്ക് ലഭിച്ചത്. ഉദാഹരണത്തിന് കേപ്പായ്ക്കും യോഹന്നാനും ശൂന്യമായ കബറിടത്തിലെ കാഴ്ച അനുഭവമായിരുന്നെങ്കിൽ മാർത്തോമായ്ക്ക് അത് തിരുവിലാവിൽ തൊട്ടറിയാനുള്ള വിളിയായിരുന്നു. അങ്ങനെ വിവിധ രീതികളിൽ തങ്ങൾക്ക് ലഭിച്ച ഉത്ഥാനാനുഭവം അഥവാ മിശിഹാനുഭവം വിവിധ രീതികളിൽ ശ്ലീഹന്മാർ കൈമാറി. തങ്ങളുടെ മിശിഹാനുഭവം കറയും കുറവും കൂടാതെ ശ്ലീഹന്മാർ വിവിധ ദേശങ്ങളിൽ കൈമാറിയപ്പോൾ വിവിധ സഭകൾ രൂപം കൊണ്ടു. ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥന്മാരായ ശ്ലീഹന്മാർ "ദൈവികരഹസ്യങ്ങൾ" കൈമാറി ശുശ്രൂഷിക്കാനേൽപ്പിച്ചതാണ് സഭയെ.

ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട അടിസ്ഥാനവിശ്വാസം സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും സത്യസഭയിൽ തുടരുന്നു. സത്യസഭ അഥവാ കത്തോലിക്കാസഭ ഒന്നാണ്. എന്നാൽ ഈ സഭ സഭകളുടെ കൂട്ടായ്മയാണ്. ഇരുപത്തിനാല് വ്യക്തിസഭകൾ ഒരുമിക്കുന്നതാണ് കത്തോലിക്കാസഭ. ഈ സഭകൾ ഒരേ വിശ്വാസം പ്രഘോഷിക്കുന്ന സഭകളാണ്, റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെടുന്നതാണ്, കൂദാശകൾ പരികർമ്മം ചെയ്യുന്നതാണ്, വചനം പ്രഘോഷിക്കുന്നതാണ്, പൗരോഹിത്യം നിലനിൽക്കുന്നതാണ്. ഈ സഭകളെ ഐക്യത്തിൽ ഒരുമിപ്പിക്കുന്ന ദൗത്യമാണ് റോമാ മാർപാപ്പായ്ക്കുള്ളത്. ഈ സഭകൾ ഒന്ന് ഒന്നിനു മുകളിലോ ഒന്ന് ഒന്നിനു താഴെയോ അല്ല. കാരണം ഈ സഭകൾ ശ്ലൈഹികപാരമ്പര്യം തുടരുന്നവയാണ്. ഒരേ മാമോദീസാ പരികർമ്മം ചെയ്യുന്നതും ഒരേ സത്യവിശ്വാസം പ്രഘോഷിക്കുന്നവയുമാണ്.

സഭാപിതാക്കന്മാർ സഭയുടെ ശ്ലൈഹികമായ ഈ അടിസ്ഥാനസ്വഭാവത്തെ ഊന്നിപ്പറയുന്നതു കാണാം. വി. പോളിക്കാർപ്പ്, വി. ഇഗ്നേഷ്യസ്, വി. ക്ലീമിസ്, ജറുസലേമിലെ വി. സിറിൽ,



മാർ അപ്രേം തുടങ്ങിയവർ ഉദാഹരണങ്ങളാണ്. "ശ്ലീഹന്മാർ കർത്താവായ ഈശോമിശിഹായിൽനിന്ന് നമുക്കുവേണ്ടി അയയ്ക്കപ്പെട്ടു. മിശിഹാ ദൈവത്തിൽനിന്നാണ്, ശ്ലീഹന്മാർ മിശിഹായിൽനിന്നാണ്; ദൈവേഷ്ടത്താൽ രണ്ടും യഥാക്രമം അനുസരിച്ചുണ്ടായി" (വി. ക്ലീമിസ്). "മെത്രാനാലോ അദ്ദേഹം നിയോഗിക്കുന്നവരാലോ അർപ്പിക്കപ്പെടുന്ന കുർബാനമാത്രം സാധുവായി കണക്കാക്കണം" എന്ന് വി. ഇഗ്നേഷ്യസ് പറയാൻ കാരണം ശ്ലൈഹികസഭയിലാണ് മെത്രാനും കുർബാനയും ഉള്ളത് എന്നതുകൊണ്ടാണ്.

പിതാവിനാൽ അയയ്ക്കപ്പെട്ട മിശിഹായിൽ സ്ഥാപിക്കപ്പെട്ട്, ശ്ലീഹന്മാരുടെമേൽ അടിസ്ഥാനമിട്ട്, പിതാക്കന്മാരാൽ ഉറപ്പിക്കപ്പെട്ട്, റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെടുന്ന സഭ വളർച്ച പ്രാപിച്ചത് മൂന്നു പാരമ്പര്യങ്ങളിലൂടെയാണ്. സുറിയാനി, ഗ്രീക്ക്, ലത്തീൻ എന്നിവയാണ് ആ പാരമ്പര്യങ്ങൾ. മൂന്ന് പാരമ്പര്യങ്ങളിലൂടെ വളർന്ന സഭയിൽ ആറ് ആരാധനക്രമകുടുംബങ്ങൾ ഉണ്ടായി. പൗരസ്ത്യസുറിയാനി (കൽദായ), പാശ്ചാത്യസുറിയാനി (അന്ത്യോക്യൻ), ബൈസന്റൈൻ, കോപ്റ്റിക്, അർമേനിയൻ, റോമൻ എന്നിവയാണ് ഈ ആരാധനക്രമ കുടുംബങ്ങൾ.

24 സഭകളും ഇതിൽ ഏതെങ്കിലും ഒരു കുടുംബത്തിലും പാരമ്പര്യത്തിലും ആയിരിക്കും. ഈ പാരമ്പര്യങ്ങളിലൂടെയാണ് കൂദാശകളും വചനവും ആഘോഷിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും കൈമാറപ്പെടുകയും ചെയ്യുന്നത്. പാരമ്പര്യത്തെ സൂചിപ്പിക്കാൻ മൂന്നു പദങ്ങൾ മൂന്നു സഭാപാരമ്പര്യങ്ങളിലുമുണ്ട്. "മ്ശൽമാനൂസാ" (സുറിയാനി), "പാരദോസിസ്" (ഗ്രീക്ക്), "ത്രദീസിയോ" (ലത്തീൻ). ഈ മൂന്നു പദങ്ങൾക്കും "കൈമാറുക" (handing over) എന്നർത്ഥം കാണാം. അതുകൊണ്ട് ഈ മൂന്ന് പാരമ്പര്യങ്ങളെ ശ്ലൈഹികപാരമ്പര്യങ്ങൾ എന്ന് വിളിക്കുന്നു. കൈമാറാനുള്ള വലിയ ഉത്തരവാദിത്വമാണ് പാരമ്പര്യമായി ശ്ലൈഹികസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. എന്താണ് കൈമാറേണ്ടത്? മിശിഹായിൽനിന്നു ലഭിച്ച വിശ്വാസം, ശ്ലീഹന്മാരിൽനിന്നു കേട്ട വിശ്വാസം, സഭാപിതാക്കന്മാരാൽ പരിപോഷിപ്പിക്കപ്പെട്ട വിശ്വാസം. ഈ വിശ്വാസമാണ് കൈമാറേണ്ടത്. ഈ കൈമാറ്റം നടക്കുന്നത് 'രഹസ്യങ്ങളുടെ ആഘോഷത്തിലൂടെയും' 'വചനപ്രഘോഷണത്തിലൂടെയുമാണ്'. ഈ കൈമാറ്റം നടത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട സമൂഹമാണ് സഭകൾ. അതായത് ശ്ലൈഹികസഭകൾ.

ശ്ലൈഹികപാരമ്പര്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ ആരാധനക്രമങ്ങളിലാണ് സത്യവിശ്വാസത്തിന്റെ പ്രഘോഷണവും ആഘോഷവും കൈമാറ്റവും കാണപ്പെടുക. അതുകൊണ്ടാണ് ആരാധനക്രമങ്ങൾ ശ്ലീഹന്മാരിൽനിന്ന് കൈമാറി കിട്ടിയതാണെന്നും അവ മാറ്റമില്ലാതെ തുടരണമെന്നും സഭ പറയുന്നത്. ഈ ശ്ലൈഹിക ആരാധനക്രമങ്ങൾ ആഘോഷിക്കുന്ന സഭകളാണ് ശ്ലൈഹികസഭകൾ എന്നറിയപ്പെടുക. ശ്ലൈഹികസഭകളാണ് കൂദാശകളുടെയും വചനത്തിന്റെയും സൂക്ഷിപ്പുകാരും സംരക്ഷകരും. സഭകൾ എന്ന പേര് ഉള്ളതുകൊണ്ട് വിഘടിതവിഭാഗങ്ങൾ ശ്ലൈഹികസഭകൾ ആകില്ല. ശ്ലൈഹികസഭകൾ ആകണമെങ്കിൽ അവയ്ക്ക് കൂദാശകൾ ഉണ്ടായിരിക്കണം. പൗരോഹിത്യം ഉണ്ടായിരിക്കണം. വചനത്തിന്റെ സൂക്ഷിപ്പുകാരായ മെത്രാന്മാർ ഉണ്ടായിരിക്കണം. ശ്ലൈഹിക തുടർച്ചയായ കൈവയ്പ് ഉണ്ടായിരിക്കണം. ഈ 'ശ്ലൈഹികത' അഥവാ 'അപ്പസ്തോലിസിറ്റി' ഉള്ള സഭകൾ ശ്ലീഹന്മാരിൽനിന്ന് ആരംഭിച്ചതാണ്. എത്രമാത്രം കുറവുകളും പ്രതിസന്ധികളും അവ നേരിട്ടാലും കർത്താവിന്റെ രണ്ടാമത്തെ വരവുവരെ 'രഹസ്യങ്ങളുടെ' സൂക്ഷിപ്പുകാരും 'വചനത്തിന്റെ' പ്രഘോഷകരുമായി ഈ സഭകൾ തുടരുകതന്നെ ചെയ്യും. അതുകൊണ്ട് ശ്ലൈഹികതയിൽ ആനന്ദം കൊള്ളുക; ശ്ലൈഹികസഭയിൽ അംഗമായതിൽ അഭിമാനിക്കുക; ശ്ലൈഹികസഭയുടെ അടിസ്ഥാന ഗുണമായ പ്രേഷിതഭാവം പുലർത്തുന്നവരാകുക. ഈ പ്രേഷിതദൗത്യത്തിലേക്കാണ് പരി. മാമോദീസായിലൂടെ ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്.

“ഭൂമിയുടെ ഒരതിർത്തിമുതൽ മറ്റേ അതിർത്തിവരെയുള്ള ഏകവും പരിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ സഭ എല്ലാവിധ ഇടർച്ചകളിൽനിന്നും വീഴ്ചയും ഉപദ്രവവും കൂടാതെ സംരക്ഷിക്കപ്പെടുവാനായി സജീവവും പരിശുദ്ധവും സ്വീകാര്യവും സംപൂജ്യവും ഭയഭക്തിജനകവും മഹോന്നതവും കളങ്കരഹിതവുമായ ഈ ബലി സർവ്വ സൃഷ്ടികൾക്കും വേണ്ടി ഞങ്ങൾ അർപ്പിക്കുന്നു” (മാർ നെസ്തോറിയസിന്റെ കൂദാശക്രമം, സീറോ മലബാർ കുർബാനക്രമം).








# ബന്ധങ്ങളുടെ സുഗന്ധം

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്; കർത്താവിനെ ഭയപ്പെടുന്നവൻ അവനെ കണ്ടെത്തും. ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്; അവന്റെ സ്നേഹിതനും അവനെപ്പോലെതന്നെ” (പ്രഭാ 6,16-17).

സഭയിലെ വിളവെടുപ്പിന്റെ കാലത്തിലൂടെ കടന്നുപോകുമ്പോൾ ഫലംചൂടി നില്ക്കേണ്ട നമ്മുടെ ബന്ധങ്ങളിലേക്ക് ഒന്നു കടന്നുചെല്ലാം. മനുഷ്യജീവിതത്തിൽ അനവധി ബന്ധങ്ങൾ ഉണ്ടെങ്കിലും, അവയിൽ ഏറ്റവും ഹൃദയസ്പർശിയായും ആത്മീയമായും നിലനിൽക്കുന്ന ബന്ധമാണ് സൗഹൃദം. “കൂട്ട്” എന്ന സാധാരണ പദത്തിൽ ഒതുങ്ങാത്ത ഒരു ആഴമുണ്ട് യഥാർത്ഥ സൗഹൃദത്തിന്. അത് ഒരുമിച്ചു വെറുതേ സമയം ചെലവഴിക്കുന്നതല്ല; മറിച്ച് ഹൃദയങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ദൈവിക അനുഭവമാണ്. ഇന്നത്തെ ലോകത്തിൽ, സോഷ്യൽമീഡിയായുടെയും ഡിജിറ്റൽ ബന്ധങ്ങളുടെയും വളർച്ചയോടെ “സൗഹൃദം” എന്ന പദത്തിന്റെ അർത്ഥം പലപ്പോഴും ചുരുങ്ങിപ്പോകുന്നു. നൂറുകണക്കിന് “ഫ്രണ്ട്സ്”, “ഫോളോവേഴ്സ്” ഉണ്ടായാലും, ഹൃദയം തുറന്നു സംസാരിക്കാൻ ഒരാൾപോലും ഇല്ലാത്ത അവസ്ഥയാണിന്ന്. ഇത് കുടുംബബന്ധങ്ങളിലും സാമൂഹികബന്ധങ്ങളിലും ഏറിവരികയാണ്. ഇവിടെ സൗഹൃദംകൊണ്ട് രക്തബന്ധങ്ങളെയും സാമൂഹികബന്ധങ്ങളെയും ഊട്ടിയുറപ്പിക്കേണ്ട ആവശ്യകത ഏറിവരുന്നു.

മനുഷ്യജീവിതത്തിന്റെ ഏറ്റവും വിലപ്പെട്ട സമ്പത്ത് ആഴമായ ഹൃദയബന്ധമുള്ള സൗഹൃദമാണ്. സുറിയാനി ഭാഷാപദമായ “റഹ്മൂത്സാ” ആഴമുള്ള സൗഹൃദബന്ധത്തെയ സൂചിപ്പിക്കുന്നു. ആഴമുള്ള സൗഹൃദത്തിന്റെ പ്രധാന സവിശേഷത സ്നേഹവും വിശ്വാസവുമാണ്. ‘യഥാർത്ഥ സൗഹൃദം സ്നേഹത്തിൽനിന്നാണ് വളരുന്നത്’ (CCC 1939) എന്ന് സഭ പഠിപ്പിക്കുന്നു. ആത്മീയമായി നോക്കുമ്പോൾ, സൗഹൃദം ദൈവത്തിന്റെ ഒരു വരദാനമാണ്. യഥാർത്ഥ സുഹൃത്ത് ‘സഹോദരനെക്കാൾ അടുത്തവൻ’ എന്ന് ബൈബിൾ വിശേഷിപ്പിക്കുന്നു. അതായത്, രക്തബന്ധങ്ങളെക്കാൾ ശക്തമായ ഒരു ആത്മബന്ധമാണ് യഥാർത്ഥ സൗഹൃദം. “വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്; അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു. വിശ്വസ്ത സ്നേഹിതനെപ്പോലെ മൂല്യമായി ഒന്നുമില്ല; അവന്റെ മാഹാത്മ്യം അളവറ്റതാണ്” (പ്രഭാ 6, 14–15) എന്നത്രേ പ്രഭാഷകൻ പറയുക.

രക്തബന്ധങ്ങളേക്കാൾ ആഴമുള്ള ഹൃദയബന്ധത്തിന്റെ സൗഹൃദം എത്ര അഗാധമെന്ന് വി. ഗ്രന്ഥത്തിന്റെ ഏടുകൾ വിളിച്ചോതുന്നുണ്ട്. സാമുവേലിന്റെ പുസ്തകത്തിൽ ദാവീദിനെയും ജോനാഥാനെയുംപറ്റി ഇപ്രകാരം പറയുന്നു: “ദാവീദ്, രാജാവിനോടു സംസാരിച്ചു തീർന്നപ്പോൾ ജോനാഥാൻെറ ഹൃദയം അവൻെറ ഹൃദയത്തോട് ഒട്ടിച്ചേർന്നു. ജോനാഥാൻ അവനെ പ്രാണതുല്യം സ്നേഹിച്ചു” (1 സാമു 18,1,). ഹൃദയബന്ധങ്ങളുടെ ഇഴചേരലിന്റെ ആഴം ഇതു വ്യക്തമാക്കുന്നു. തന്റെ പിതാവ് ദാവീദിനെ കൊല്ലാൻ ശ്രമിക്കുന്നുവെന്നറിഞ്ഞ നിമിഷംമുതൽ ദാവീദിനെ രക്ഷിക്കാൻ ശ്രമിക്കുന്ന ജോനാഥാന്റെ ഹൃദയവിശ്വസ്തതയും ആത്മാർത്ഥതയും 1 സാമു 20,1–17; 35–42 വാക്യങ്ങളിൽ നിഴലിക്കുന്നുണ്ട്. സാവൂളിന്റെയും ജോനാഥാന്റെയും മരണം ദാവീദിന് ഏറെ വേദനാജനകമായിരുന്നു. ഇതു വിശദീകരിക്കുന്നതാണ് 2 സാമു 1,17–27 വരെയുള്ള വാക്യങ്ങളിലെ ദാവീദിന്റെ വിലാപം. അതിലെ 26–ാം വാക്യം ഏറെ ഹൃദയസ്പർശിയാണ്. “സോദരാ, ജോനാഥാൻ, നിന്നെയോർത്തു ഞാൻ ദുഃഖിക്കുന്നു; നീ എനിക്ക് അതിവത്സലനായിരുന്നു; എന്നോടുള്ള നിന്റെ സ്നേഹം സ്ത്രീകളുടെ പ്രേമത്തെക്കാൾ അഗാധമായിരുന്നു.” ദാവീദിന്റെ സൗഹൃദത്തിന്റെ ഹൃദയാർദ്രത എത്രയോ അഗാധമായിരുന്നു എന്ന് ഇതു തെളിയിക്കുന്നു. അവരുടെ ഹൃദയങ്ങൾ എത്രമാത്രം സൗഹൃദത്താൽ ഇഴചേർന്നിരുന്നുവെന്ന് ഇതിൽനിന്നു നമുക്കു മനസിലാക്കാം. സൗഹൃദം ഒരു ബന്ധമല്ല, അത് ഹൃദയങ്ങളുടെ സംഗമമാണ്.

ആഴമുള്ള സൗഹൃദം കുടുംബത്തിലും സമൂഹത്തിലും വളരാൻ സത്യസന്ധത, ക്ഷമ, മനസ്സിലാക്കൽ, ത്യാഗം തുടങ്ങിയ ചില അടിസ്ഥാന ഗുണങ്ങൾ ആവശ്യമാണ്. ഒരാൾ തെറ്റു ചെയ്താൽ അവനെ തിരുത്താനുള്ള ധൈര്യവും അതുപോലെ, അവന്റെ കുറവുകൾ ക്ഷമിക്കാനുള്ള വലിയ മനസും വേണം. ‘ക്ഷമിക്കാനുള്ള മനസ്സ് ഇല്ലെങ്കിൽ സ്നേഹവും സൗഹൃദവും നിലനിൽക്കില്ല’ (CCC 284). ഇവയില്ലാതെ പോകുമ്പോഴാണ് കുടുംബബന്ധങ്ങളുടെയും സൗഹൃദബന്ധങ്ങളുടെയും കണ്ണികൾ പൊട്ടിപ്പോകാനും അകന്നുപോകാനും ഇടയാകുന്നത്. വി. ആഗസ്തീനോസ് പറയുന്നു: “നിന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ സുഹൃത്ത്.” അഭിപ്രായവ്യത്യാസങ്ങൾ വ്യക്തികളെ സ്നേഹത്തിൽനിന്നു വ്യതിചലിപ്പിക്കരുത്. സുഹൃത്തുക്കളാണ് ജീവിതത്തിന്റെ യഥാർത്ഥ സമ്പത്ത്. ബന്ധങ്ങളാണ് ജീവിതത്തെ അർത്ഥവത്താക്കുന്നത്.

സ്വന്തം സുഖവും സൗഭാഗ്യവും തേടുന്നവൻ സ്വാർത്ഥനും ഏതു ഹീനമാർഗത്തിലൂടെയും ലാഭനേട്ടങ്ങളുടെ പാത അന്വേഷിക്കുന്ന ഇടുങ്ങിയ ചിന്താഗതിയുള്ളവനുമാണ്. എന്നാൽ സ



ത്യസന്ധതയും വിശ്വാസവും പരസ്പര ബഹുമാനവുമുള്ളവരും, സഹനങ്ങളിലും സങ്കടങ്ങളിലും കൂടെയുള്ളവരും, തളർച്ചകളിലും പ്രതിസന്ധികളിലും കൈത്താങ്ങാകുന്നവരും, അപരന്റെ നന്മ കാംക്ഷിക്കുകയും അതിൽ സന്തോഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരും, സ്നേഹംനിറഞ്ഞ വിശാലമനസ്കരും ദൈവികചൈതന്യം പ്രസരിപ്പിക്കുന്നവരുമാണ്. നമുക്കു തോൽവിയുണ്ടാകുമ്പോൾ കൈപിടിച്ച് ഉയർത്തുന്നവൻ, നമുക്കു തെറ്റുമ്പോൾ തിരുത്തുന്നവൻ, വിജയിക്കുമ്പോൾ സന്തോഷത്തോടെ പങ്കുചേരുന്നവൻ – ഇവനാണ് യഥാർത്ഥ സുഹൃത്ത്.

സുഹൃത്തുക്കളാണ് ജീവിതത്തിന്റെ യഥാർത്ഥ സമ്പത്ത്. ഈശോ പറഞ്ഞതുപോലെ അവരാണ് ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായിത്തീരുന്നവർ; മുപ്പതറുപതു നൂറുമേനി ഫലം പുറപ്പെടുവിക്കുന്നവരും. നാം ഇടപെടുന്ന ഇടങ്ങളിലെല്ലാം ലാളിത്യവും മാധുര്യവും ഉള്ളവരായിത്തീരാൻ നാം നമ്മെത്തന്നെ പരിശീലിപ്പിക്കണം. “മധുരമൊഴി സ്നേഹിതന്മാരെ ആകർഷിക്കുന്നു; മധുരഭാഷണം സൗഹൃദത്തെ ഉത്തേജിപ്പിക്കുന്നു” (പ്രഭാ 6,5). പണ്ഡിതനായ അരിസ്റ്റോട്ടിൽ പറഞ്ഞു: “സൗഹൃദം എന്നത് രണ്ടു ശരീരങ്ങളിൽ വസിക്കുന്ന ഒരൊറ്റ ആത്മാവാണ്”. ഇത് സൗഹൃദത്തിന്റെ ആത്മീയതയും ആഴവും വ്യക്തമാക്കുന്നു.

നല്ല സുഹൃത്തുക്കൾ നമ്മുടെ ജീവിതത്തെ പ്രകാശമാക്കുന്നു. അതിനാൽ, ശരിയായ സൗഹൃദങ്ങൾ തിരഞ്ഞെടുക്കുകയും അവയെ സ്നേഹത്തോടെ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ഇതു പ്രഭാഷകന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു: “എല്ലാവരിലുംനിന്നു സൗഹൃദം സ്വീകരിച്ചുകൊള്ളുക; എന്നാൽ, ആയിരത്തിൽ ഒരുവനിൽനിന്നേ ഉപദേശം സ്വീകരിക്കാവൂ. പരീക്ഷിച്ചറിഞ്ഞേ സ്നേഹിതനെ സ്വീകരിക്കാവൂ; വേഗം അവനെ വിശ്വസിക്കയുമരുത്” (പ്രഭാ 6, 6–7). നല്ല മൂല്യങ്ങളുള്ള ആളുകളെ തിരഞ്ഞെടുക്കുക. നല്ല സുഹൃത്തുക്കൾ നമുക്കു നല്കുന്ന പിന്തുണയും പ്രോത്സാഹനവും നമ്മുടെ ആത്മവിശ്വാസം വർധിപ്പിക്കും. സുഹൃത്തുക്കളോടൊപ്പം ചെലവഴിക്കുമ്പോൾ സന്തോഷവും മാനസികാരോഗ്യവും ലഭിക്കുന്നു. ഒപ്പം നല്ല ഫലം പുറപ്പെടുവിക്കാനും സാധിക്കുന്നു.

“ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു” (യോഹ 15,5). ഈശോയോടു ചേർന്നു നിന്ന് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ അവിടുത്തെ സ്നേഹത്തിൽ വസിക്കുന്നവരും പിതാവിനെ മഹത്ത്വപ്പെടുത്തുന്നവരുമാകാം. നല്ല സൗഹൃദങ്ങൾ സഹകരണവും സമാധാനവും വളർത്തുന്നു; നല്ല സമൂഹത്തെ സൃഷ്ടിക്കുന്നു. സൗഹൃദം ഒരു സാധാരണ ബന്ധമല്ല; അത് സ്നേഹവും വിശ്വാസവും ക്ഷമയും ചേർന്ന ഒരു ദൈവിക അനുഭവമാണ്. “നല്ല സൗഹൃദങ്ങൾ മനുഷ്യനെ നല്ലവനാക്കുന്നു’ എന്നാണ് സഭയും പണ്ഡിതന്മാരും ഒരുപോലെ പഠിപ്പിക്കുന്നത്. ആഴമുള്ള സൗഹൃദം നമ്മുടെ ജീവിതത്തെ സമ്പന്നമാക്കുകയും, പ്രതിസന്ധികളെ അതിജീവിക്കാൻ ശക്തി നൽകുകയും ചെയ്യുന്നു. അതുകൊണ്ട്, നമുക്ക് ലഭിച്ച സൗഹൃദങ്ങളെ വിലമതിക്കുകയും അവയെ സംരക്ഷിക്കുകയും, നാം തന്നെയും മറ്റുള്ളവർക്ക് ഒരു നല്ല സുഹൃത്തായി മാറുകയും ചെയ്യാം. ഈശോ നമുക്കു തന്ന കല്പനയും മറ്റൊന്നല്ല, “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല” (യോഹ 15,12–13). ആകയാൽ നല്ല ബന്ധങ്ങൾ സ്ഥാപിച്ച് ഊഷ്മള സൗഹൃദത്തിന്റെ സുഗന്ധം പരത്തി സ്നേഹത്തിന്റെ പ്രഭ വിതറുന്ന ദൈവമക്കളായിത്തീരാം.

# സെനക്കിൾ തരംഗം

**സന്ദേശം**

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. സഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണല്ലോ കൈത്താക്കാലം. ശ്ലീഹന്മാരുടെയും മറ്റു രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെ ഓർമ്മിപ്പിക്കുന്ന ഈ കാലത്തിൽ വിശുദ്ധമായി ജീവിക്കുവാൻ നമുക്കു പരിശ്രമിക്കാം. സഭ മിശിഹായുടെ ശരീരമാണല്ലോ. സഭാജീവിതമില്ലാതെ മിശിഹായിൽ ജീവിക്കുവാൻ നമുക്കു സാദ്ധ്യമല്ല. എനിക്കു ജീവിതം മിശിഹായാണ് (ഫിലി 1,21) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ അന്വർത്ഥമാകുന്നത് എനിക്കു ജീവിതം സഭയാണ് എന്നു പറയുവാൻ സാധിക്കുമ്പോഴാണ്. അതുകൊണ്ട് ശരിയായ സഭാജീവിതത്തെക്കുറിച്ച് വിശ്വാസികളെ ഉദ്ബോധിപ്പിച്ചുകൊണ്ട് ഈ കൈത്താക്കാലത്ത് നമുക്ക് അജപാലനശുശ്രൂഷ നിർവഹിക്കാം.

സ്നേഹാശംസകളോടെ,
മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

സെനക്കിൾ വൈദികരുടെ ഈ മാസത്തെ സമ്മേളനം 'വീക്ക് ഓഫ് ദ ഇൻസ്റ്റിറ്റ്യൂട്ട്' ആയിട്ടാണ് നടത്തിയത്. 2026 ജൂലൈ 14-15 തീയതികളിൽ കോട്ടയം, മാങ്ങാനം, സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു നടത്തിയ സമ്മേളനത്തിൽ ലെയോ പതിനാലാമൻ മാർപാപ്പായുടെ 'മാനവമഹത്ത്വം' എന്ന ചാക്രികലേഖനമാണ് പഠനവിഷയമാക്കിയത്. തോമസ് വടക്കേൽ, സെബാസ്റ്റ്യൻ കുട്ടിയാനിക്കൽ, മല്പാൻ മാത്യു വെള്ളാനിക്കൽ എന്നീ ബഹുമാന്യരായ വൈദികരാണ് ഈ പഠനത്തിന് നേതൃത്വം നല്കിയത്. നിർമ്മിതബുദ്ധിയുടെ യുഗത്തിൽ മനുഷ്യവ്യക്തിയുടെ സംരക്ഷണത്തെക്കുറിച്ചുള്ള ചാക്രികലേഖനപഠനം സഭയുടെ പ്രബോധനം മനസ്സിലാക്കുവാൻ വളരെ സഹായകമായി. ഇന്നത്തെ കാലഘട്ടത്തിൽ സ്നേഹസംസ്കാരം സമൂഹത്തിൽ കെട്ടിപ്പടുക്കുവാൻ ശ്രമിക്കണമെന്നുള്ള മാർപാപ്പായുടെ പ്രബോധനം എല്ലാവർക്കും ഏറെ പ്രയോജനപ്പെട്ടു. ഇന്ന് അജപാലനരംഗത്ത് അതിനുള്ള പ്രാധാന്യം മനസ്സിലാക്കി അജപാലനശുശ്രൂഷ നിർവഹിക്കുവാൻ സെനക്കിൾ വൈദികർക്ക് അതു പ്രചോദനമായി.






# മെസ്സേജ്

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**"അ**ച്ചന്റെ വോയിസ് മെസ്സേജുകളാ എനിക്കു ജീവിക്കാൻ പ്രേരണ നൽകിയത്. കാരണം അത്രമേൽ ദുരിതപൂർണമായിരുന്നു എന്റെ ജീവിതം"

തന്റെ സുഹൃത്തായ വൈദികനെപ്പറ്റി പറഞ്ഞപ്പോൾ ആ ചെറുപ്പക്കാരന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. വികാരാധീനനായി അവൻ തുടർന്നു: "അപ്രതീക്ഷിതമായ രോഗവും ചികിത്സകളും ശാരീരകമായും മാനസികമായും എന്നെ തളർത്തി. എന്റെ വിശ്വാസംപോലും എനിക്കു നഷ്ടപ്പെട്ടു. ആരോടും സംസാരിക്കാനാവാതെ, ഭക്ഷണം കഴിക്കാൻ പറ്റാതെ, ആരെയും കാണാതെയും കേൾക്കാതെയും ഒരു മുറിയുടെ ഏകാന്തതയിൽ നിരാശയുടെ നിലയില്ലാക്കയത്തിലായിരുന്നു ഞാൻ. ഉറങ്ങാൻ പറ്റാത്ത ദിനരാത്രങ്ങൾ.... ഒരു തരത്തിൽ നേരം വെളുപ്പിക്കുമ്പോൾ കൃത്യം നാലിനും നാലു മുപ്പതിനുമിടയിൽ അച്ചന്റെ വോയിസ് മെസ്സേജ് എന്റെ ഫോണിലെത്തുമായിരുന്നു. എന്റെ വിശേഷങ്ങൾ അന്വേഷിച്ചുകൊണ്ട്....

"എല്ലാം പതുക്കെ പതുക്കെ ശരിയാകും" വചനത്തിലൂടെ പോസിറ്റീവ് ചിന്തകൾ നൽകി അദ്ദേഹം എന്നെ ശക്തിപ്പെടുത്തി. അച്ചൻ എന്നോട് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. "ദൈവം അറിയാതെയും അനുവദിക്കാതെയും നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. അത് നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്". എത്രയോ മാസങ്ങളായി ഒരു ദിവസംപോലും മുടക്കാതെ അദ്ദേഹം എനിക്കു വോയിസ് മെസ്സേജുകൾ അയച്ചുകൊണ്ടേയിരിക്കുന്നു. എല്ലാ ദിവസവും മെസ്സേജുകൾ അവസാനിക്കുമ്പോൾ ലുത്തിനിയാപോലെ അദ്ദേഹം എന്നോട് ആവർത്തിച്ചുകൊണ്ടേയിരുന്നു. "പ്രസന്നവദനനായിരിക്കുക അത് കുർബാനയിലെ പ്രാർത്ഥനയാണ് പ്രസരിപ്പുള്ളവനായിരിക്കുക. ഊർജ്ജസ്വലനായിരിക്കുക. സ്വസ്ഥതയോടെ സന്തോഷവാനായിരിക്കുക, ധൈര്യമുള്ളവനായിരിക്കുക, സുന്ദരനായിരിക്കുക". എനിക്ക് നഷ്ടപ്പെട്ടത് ഇതൊക്കെയായിരുന്നു. വെളുപ്പിനെ മൂന്നുമണിക്ക് എഴുന്നേറ്റ് രാത്രി വൈകുവോളം നീളുന്ന അദ്ദേഹത്തിന്റെ ജോലിത്തിരക്കിനിടയിൽ എത്രയോ മാസങ്ങളായി ഒരു ദിവസംപോലും മുടങ്ങാതെ അച്ചൻ നൽകുന്ന വോയിസ് മെസ്സേജുകൾ എന്നെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ എത്രമാത്രം സഹായിച്ചുവെന്നറിയാമോ...."

അവൻ തുടർന്നുകൊണ്ടേയിരുന്നപ്പോൾ എന്റെ ചിന്തയിലേക്ക് കടന്നുവന്നത് കൈത്താക്കാലത്തിൽ ഈശോയുടെ ശിഷ്യന്മാർ ലോകത്തിലേക്ക് ഫോർവേർഡുചെയ്ത വോയിസ് മെസ്സേജുകളായിരുന്നു. യോഹന്നാൻശ്ലീഹാ അയച്ച മെസ്സേജ് നമുക്കു വായിക്കാം: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു" (1 യോഹ 1,1-2).

ശിഷ്യന്മാർ ലോകത്തിലേക്കു ഫോർവേർഡ് ചെയ്ത മെസ്സേജുകൾ അവർ കണ്ടതും കേട്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനമായ ഈശോയെയായിരുന്നു. അവർ സാക്ഷ്യപ്പെടുത്തിയതും പ്രഘോഷിച്ചതും നിത്യജീവന്റെ വചസ്സുകളായിരുന്നു. സ്മാർട്ട് ഫോൺ ഇല്ലാതിരുന്ന കാലത്ത് ജീവന്റെ സുവിശേഷം ശിഷ്യന്മാർ ലോകമെമ്പാടും സ്മാർട്ടായി പ്രഘോഷിച്ചു. അത് അനേകർക്ക് സൗഖ്യവും സന്തോഷവും സമാധാനവും ജീവനും നിത്യജീവനും പ്രദാനം ചെയ്തു.!!!. ഇന്നത്തെ പല മെസ്സേജുകളും അനേകരുടെ ജീവിതത്തെ 'ഡിലീറ്റ്' ചെയ്യുമ്പോൾ ശിഷ്യന്മാർ ഫോർവേർഡ് ചെയ്ത മെസ്സേജുകൾ അനേകരുടെ ജീവിതത്തെ 'സേവ്' ചെയ്തു. മരണത്തെ മുഖാഭിമുഖം കണ്ടപ്പോഴും ഊർജ്ജസ്വലരായി സന്തോഷത്തോടെ സമാധാനത്തോടെ സ്വസ്ഥതയോടെ, തങ്ങൾക്കുവേണ്ടി മരിച്ചവനുവേണ്ടി അവർ രക്തസാക്ഷിത്വം വരിച്ചു! അങ്ങനെ രക്തസാക്ഷികളുടെ ചുടുനിണത്താൽ സഭ വളർന്ന്, പടർന്ന് പന്തലിച്ചു.

ചങ്ങാതീ, ഇനി എന്റെയും നിന്റെയും ഊഴമാണ്. ജീവന്റെ വചനമായ ഈശോയെ എന്റെയും നിന്റെയും ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വരുംതലമുറയ്ക്കു കൈമാറ്റം ചെയ്യാൻ സാധിക്കുന്നുണ്ടോ...? പ്രതിസന്ധികളിൽ പതറിപ്പോകുന്ന വിശ്വാസമാണോ എന്റേത്...? ആദിമസഭയുടെ വിശ്വാസജീവിതം, ഫലദായകമായ സുവിശേഷപ്രഘോഷണം, എന്റെ ജീവിതത്തിലൂടെ തുടരുവാനുള്ള ധൈര്യം എനിക്കുണ്ടോ...? നിരവധിയായ സാധ്യതകളുള്ള ഡിജിറ്റൽ യുഗത്തിൽ നൂതനമായ രീതിയിൽ ജീവന്റെ വചനത്തെ പങ്കുവയ്ക്കാൻ ഞാനെത്രമാത്രം പരിശ്രമിക്കുന്നുണ്ട്. ആദിമസഭ കടന്നുപോയ മതപീഡനങ്ങളേക്കാൾ വ്യത്യസ്ഥമായ മതപീഡനങ്ങളിലൂടെ ആധുനികസഭ കടന്നുപോകുമ്പോൾ ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവിനോട് വിശ്വാസം ജീവിക്കാനും പ്രഘോഷിക്കുവാനുമുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. അങ്ങനെ മിശിഹായെ പ്രഘോഷിക്കുന്ന ജീവിതം ഈ ലോകത്തിന് നമ്മുടെ "മെസ്സേജ്" ആവട്ടെ. അതിനായി നമുക്കൊരുമിച്ച് പ്രയത്നിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**






# ഹനനിയാ, മിഷായേൽ, അസറിയാ

## (ഷദ്രാക്ക്, മെഷാക്ക്, അസെദ്നെഗോ)


**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**ബാ**ബിലോൺ പ്രവാസകാലത്ത്, നബുക്കദ്നേസറിന്റെ കല്പനപ്രകാരം ജറുസലേമിൽനിന്ന് ബന്ദികളായി കൊണ്ടുവന്നവരിൽ രാജകുലത്തിലും പ്രഭുവർഗ്ഗത്തിലും പുരോഹിതപ്രമുഖരിലും പെട്ടവർ ഉണ്ടായിരുന്നു (2 രാജാ 24,14-16). ബാബിലോൺ രാജാവ് ഷണ്ഡന്മാരുടെ നായകനായ അഷ്പെനാസിനോട് ഇപ്രകാരം കല്പിച്ചു: "രാജകുലത്തിലും പ്രഭുവർഗ്ഗത്തിലും ജനിച്ച കുറെ ഇസ്രായേൽക്കാരെ കൊണ്ടുവരിക. അവർ കുറ്റമറ്റവരും സുമുഖരും വൈദഗ്ദ്ധ്യമുള്ളവരും വിജ്ഞാനമാർജ്ജിച്ചവരും ഗ്രഹണശക്തിയുള്ളവരും കൊട്ടാരത്തിൽ സേവനം ചെയ്യാൻ കഴിവുള്ളവരുമായ യുവാക്കളായിരിക്കണം. കൽദായഭാഷയും ലിപിയും അവരെ പഠിപ്പിക്കണം. വിഭവസമൃദ്ധമായ രാജകീയ ഭക്ഷണത്തിന്റെയും രാജാവ് കുടിച്ചിരുന്ന വീഞ്ഞിന്റെയും ഓഹരി ദിവസേന അവർക്ക് കൊടുക്കുന്നതിനും രാജാവ് നിർദ്ദേശിച്ചു. അപ്രകാരം മൂന്നുവർഷത്തെ പരിശീലനത്തിനുശേഷം അവർ രാജസേവനത്തിൽ പ്രവേശിക്കേണ്ടിയിരുന്നു" (ദാനി 1,3-5). ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ യൂദാഗോത്രത്തിൽപ്പെട്ടവരാണ് ഹനനിയാ, മിഷായേൽ, അസറിയാ എന്നിവർ. കൊട്ടാരഷണ്ഡന്മാരുടെ നായകൻ അവർക്ക് പേരുകൾ മാറ്റി നൽകി - ഹനനിയായ്ക്ക് ഷദ്രാക്ക്, മിഷായേലിന് മെഷാക്ക്, അസറിയായ്ക്ക് അബെദ്നോഗോ എന്നും പേരു നല്കി. ബൽത്തെഷാസർ എന്ന് വിളിക്കപ്പെട്ട ദാനിയേലും ഇവരോടൊപ്പമുള്ളതാണ്. രാജാവിന്റെ സുഭിക്ഷമായ ഭക്ഷണവും വീഞ്ഞും കൊണ്ട് മലിനമാകാതിരിക്കാൻ തങ്ങൾക്ക് സസ്യാഹാരം നല്കാൻ അനുവദിക്കണമെന്ന് അവർ അഷ്പെനാസിനോട് അപേക്ഷിച്ചു. അവരുടെ അപേക്ഷപ്രകാരം പരീക്ഷണാർത്ഥം പത്തുദിവസത്തേയ്ക്ക് സസ്യാഹാരം നൽകി. എന്നാൽ രാജകീയ ഭക്ഷണം കഴിച്ചിരുന്നവരേക്കാൾ ആരോഗ്യമുള്ളവരും കൊഴുത്തവരുമായി അവർ കാണപ്പെട്ടതിനാൽ അദ്ദേഹം അവർക്ക് തുടർന്നും സസ്യാഹാരവും വെള്ളവും നല്കിപ്പോന്നു. ദൈവം അവർക്ക് എല്ലാ വിദ്യകളിലും വിജ്ഞാനത്തിലും അറിവും സാമർഥ്യവും നല്കി. വിജ്ഞാനത്തെയും അറിവിനെയും സംബന്ധിച്ച് രാജാവ് ചോദിച്ച ഏതു കാര്യത്തിനും രാജ്യത്തെ ഏതു മാന്ത്രികരെയും ആഭിചാരകനെയുംകാൾ പത്തിരട്ടി മെച്ചപ്പെട്ടവരായി കാണപ്പെട്ടതിനാൽ അവർ രാജസേവകരായി തീർന്നു.

അങ്ങനെയിരിക്കെ നെബുക്കദ്നേസറിനുണ്ടായ സ്വപ്നം വ്യാഖ്യാനിക്കാൻ മാന്ത്രികർക്കും ആഭിചാരന്മാർക്കും ക്ഷുദ്രപ്രയോഗകർക്കും കൽദായർക്കും സാധിച്ചില്ല. തന്മൂലം ബാബിലോണിലെ ജ്ഞാനികളെയെല്ലാം വധിക്കാൻ രാജകല്പനയുണ്ടായി. ഇതറിഞ്ഞ ദാനിയേൽ രാജസേവകനായ അരിയോക്കിനോട് ചോദിച്ചു. "എന്തുകൊണ്ടാണ് രാജകല്പന ഇത്ര ക്രൂരമായിരിക്കുന്നത്?" അയാൾ കാര്യങ്ങൾ ധരിപ്പിച്ചു. ദാനിയേൽ തന്റെ വാസസ്ഥലത്തുചെന്ന് സ്നേഹിതരായ ഹനനിയാ, മിഷായേൽ, അനനിയാ എന്നിവരെ കാര്യമറിയിച്ചു. ബാബിലോണിലെ വിജ്ഞാനികളോടൊപ്പം താനും കൂട്ടരും നശിക്കാതിരിക്കാൻ സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ കരുണ അവർ യാചിക്കുകയും കർത്താവ് അവർക്ക് രാജാവിന്റെ സ്വപ്നം വെളിപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവർ രാജവിധിയിൽനിന്ന് രക്ഷപ്പെട്ടു. രാജാവാകട്ടെ ഉന്നത ബഹുമതികളും വിലപ്പെട്ട സമ്മാനങ്ങളും അവർക്ക് കൊടുക്കുകയും ബാബിലോണിലെ പ്രവിശ്യകളുടെ ചുമതല ഏൽപ്പിക്കുകയും ചെയ്തു.

പിന്നീട് നെബുക്കദ്നേസർ രാജാവ് അറുപതുമുഴം ഉയരവും അറുപതുമുഴം ആറുമുഴം വണ്ണവുമുള്ള സ്വർണപ്രതിമയുണ്ടാക്കി അതിനെ ആരാധിക്കാൻ കല്പന പുറപ്പെടുവിച്ചു. അപ്രകാരം ചെയ്യാത്തവരെ തത്ക്ഷണം എരിയുന്ന തീച്ചൂളയിൽ എറിയുമെന്ന് വിളംബരവും ചെയ്തു. എന്നാൽ ബാബിലോൺ പ്രവിശ്യകളിലെ ഭരണാധിപന്മാരായി നിയമിച്ച ഹനനിയാ, മിഷായേൽ, അസറിയാ എന്നിവർ രാജാവുണ്ടാക്കിയ സ്വർണപ്രതിമയെ ആരാധിക്കാൻ തയ്യാറായില്ല. കൽദായരിൽ ചിലർ ഈ വിവരം രാജാവിനെ അറിയിച്ചു. ഇതുകേട്ട് ഉഗ്രകോപം പൂണ്ട രാജാവ് അവരെ തന്റെ മുമ്പിൽ കൊണ്ടുവരുവാൻ കല്പിച്ചു. താമസിയാതെയവർ രാജസന്നിധിയിൽ എത്തി. "നബുക്കദ്നേസർ ചോദിച്ചു; ഹേ ഷാദ്രാക്ക്, മെഷാക്ക്, അബെദ്നെഗോ, നിങ്ങൾ എന്റെ ദേവന്മാരെ സേവിക്കുന്നില്ലെന്നും ഞാൻ സ്ഥാപിച്ച പ്രതിമയെ ആരാധിക്കുന്നില്ലെന്നും കേട്ടതു സത്യമാണോ? കൊമ്പ്, കുഴൽ, തംബുരു, കിന്നരം, വീണ, നാഗസ്വരം തുടങ്ങിയവയുടെ  നാദം കേൾക്കുമ്പോൾ, ഞാൻ പ്രതിഷ്ഠിച്ച പ്രതിമയെ താണുവീണ് ആരാധിക്കുന്നെങ്കിൽ നിങ്ങൾക്ക് നന്ന്. അല്ലെങ്കിൽ ഉടൻതന്നെ നിങ്ങളെ എരിയുന്ന തീച്ചൂളയിൽ എറിഞ്ഞുകളയും; ഏതു ദേവൻ എന്റെ കരങ്ങളിൽനിന്ന് നിങ്ങളെ രക്ഷിക്കും? ഷദ്രാക്കും മെഷാക്കും അബെദ്നെഗോയും രാജാവിനോടു പറഞ്ഞു: അല്ലയോ, നെബുക്കദ്നേസർ, ഇക്കാര്യത്തിൽ ഞങ്ങൾ ഉത്തരം പറയേണ്ടതില്ല. രാജാവേ, ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂളയിൽനിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവിടുന്ന് ഞങ്ങളെ നിന്റെ കയ്യിൽനിന്ന് മോചിപ്പിക്കും.  ഇക്കാര്യം നീ അറിഞ്ഞുകൊള്ളുക. അവിടുന്ന് ഞങ്ങളെ മോചിപ്പിച്ചില്ലെങ്കിൽപോലും ഞങ്ങൾ നിന്റെ ദേവന്മാരെയോ നീ നിർമ്മിച്ച സ്വർണ്ണബിംബത്തെയോ ആരാധിക്കുകയില്ല" (ദാനി 3,14-18). ഇതുകേട്ട് നെബുക്കദ്നേസർ കോപം കൊണ്ട് ജ്വലിച്ചു. ചൂള പതിവിൽ ഏഴ് മടങ്ങ് ജ്വലിപ്പിക്കാൻ കല്പിച്ചു. ആളിക്കത്തുന്ന ചൂളയിലേക്ക് ആ മൂന്ന് യുവാക്കൾ രാജകല്പനയാൽ എറിയപ്പെട്ടു.

എന്നാൽ ആ മൂന്നുപേരും ദൈവത്തിന് കീർത്തനം ആലപിച്ചുകൊണ്ടും അവിടുത്തെ സ്തുതിച്ചുകൊണ്ടും തീജ്വാലയുടെ മധ്യേ നടന്നു. പിതാക്കന്മാരുടെ ദൈവത്തെ വാഴ്ത്തി; തലമുറകൾക്ക് അവിടുന്ന് ചൊരിഞ്ഞ കൃപകളും കാരുണ്യവും അവർ ഉറക്കെ പറഞ്ഞ് അനുസ്മരിച്ചു. അതോടൊപ്പം വന്ന പാപമാലിന്യമോർത്ത് അനുതപിക്കാനും അപേക്ഷിക്കാനും മറന്നില്ല. രാജാവോ, പ്രവാചകനോ നയിക്കാൻ നായകനോ ഇല്ലാത്ത യഹൂദജനത്തിന്റെ അവസ്ഥയും, അതുപോലെ ദൈവാലയമോ ബലികളോ ഇല്ലാത്ത തങ്ങളുടെ നിസ്സഹായതയും അവർ ഏറ്റുപറഞ്ഞുകൊണ്ടിരുന്നു. സഹനവും തീച്ചൂളയും തങ്ങളെ വിഴുങ്ങുമ്പോഴും കർത്താവിന്റെ മുഖം തേടുവാൻ അവർ മറന്നില്ല. വിനീതമനസ്സോടും പശ്ചാത്താപഹൃദയത്തോടും



കൂടെ അവർ നിലകൊണ്ടു. എന്നാൽ രാജസേവകർ ഗന്ധകവും കീലും ചണച്ചവറും വിറകും ഇട്ട് തീച്ചൂളയെ കൂടുതൽ കൂടുതൽ ജ്വലിപ്പിച്ചുകൊണ്ടിരുന്നു. ചൂളയിൽനിന്ന് തീജ്വാലകൾ ഉയർന്ന് ചുറ്റുംനിന്ന കൽദായരെ ദഹിപ്പിച്ചു. എന്നാൽ കർത്താവിന്റെ ദൂതൻ തീച്ചൂളയുടെ മധ്യത്തിലേക്ക് ഇറങ്ങിച്ചെന്ന് ചൂളയിൽനിന്ന് ജ്വാലയെ അകറ്റി; മധ്യഭാഗം ജലകണങ്ങൾ നിറഞ്ഞ കാറ്റു വീശുന്ന സ്ഥലംപോലെയാക്കി. അഗ്നി ആ ധീരയുവാക്കളെ സ്പർശിച്ചുപോലുമില്ല. അവിടെ അവർ ഏകമനസ്കരായി സ്തുതിച്ചു. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളോടുമൊത്ത് അവർ ദൈവമായ കർത്താവിനെ ആരാധിച്ച് സ്തുതിച്ചുകൊണ്ടിരുന്നു. നോക്കൂ സഹനത്തീയിലെ ഒരു സുരഭിലബലി! (ദാനി 3,29-68). തീച്ചൂളയിലെ ശക്തവും ധീരവുമായ ദീർഘമായ സ്തുതിപ്പിന്റെ ആഴംകണ്ട നെബുക്കദ്നേസർ രാജാവ് പരിഭ്രാന്തനായി. അദ്ദേഹം തന്റെ ഉപദേശകരോട് ചോദിച്ചു: നാം മൂന്നുപേരെയല്ലേ അഗ്നിയിൽ എറിഞ്ഞത്; എന്നാൽ ബന്ധനമില്ലാതെ, പൊള്ളൽ ഏൽക്കാതെ നാലുപേരെ കാണുന്നു? നാലാമത്തെയാൾ കാഴ്ചയിൽ ദൈവകുമാരനെപ്പോലെയിരുന്നു. ജ്വലിച്ചുകൊണ്ടിരുന്ന അഗ്നിയിൽനിന്ന് അവരോട് പുറത്തുവരാൻ രാജാവ് പറഞ്ഞു. അവർ പുറത്തുവന്നു. അവരുടെ തലമുടി കരിയുകയോ, വസ്ത്രത്തിന് കേടുപറ്റുകയോ അവർക്ക് തീയുടെ ഗന്ധം ഏൽക്കുകയോ ചെയ്തില്ല എന്ന് നെബുക്കദ്നേസർ രാജാവും ദേശാധിപതികളും നാടുവാഴികളും ഉപദേശകരുമെല്ലാം കണ്ടു. രാജാവ് അവരോടു പറഞ്ഞു: "സ്വന്തം ദൈവത്തെയല്ലാതെ മറ്റൊരു ദേവനെയും ആരാധിക്കുകയോ സേവിക്കുകയോ ചെയ്യുന്നതിനേക്കാൾ സ്വശരീരങ്ങളെ പീഡനത്തിന് വിട്ടുകൊടുക്കുന്നതിനും രാജകല്പനപോലും അവഗണിക്കുന്നതിനും തക്കവിധം, തന്നിൽ ആശ്രയിച്ച തന്റെ ദാസന്മാരെ അവിടുന്ന് സ്വന്തം ദൂതനെ അയച്ച് മോചിപ്പിച്ചുവല്ലോ. അതുകൊണ്ട് ഞാനിതാ ഒരു കല്പന പുറപ്പെടുവിക്കുന്നു; ഷദ്രാക്കിന്റെയും മെഷാക്കിന്റെയും അബെദ്നെഗോയുടെയും ദൈവത്തിനെതിരെ എന്തെങ്കിലും പറയുന്ന ജനതകളെയും ജനപദങ്ങളെയും ഭാഷക്കാരെയും കഷണം കഷണമായി ചീന്തിക്കളയും; അവരുടെ ഭവനങ്ങൾ നിലംപരിചാക്കും; എന്തെന്നാൽ ഈ വിധത്തിൽ രക്ഷിക്കാൻ കഴിവുള്ള വേറൊരു ദേവനില്ല. രാജാവ് ഷദ്രാക്കിനെയും മെഷാക്കിനെയും അബദ്നെഗോയെയും ബാബിലോൺ പ്രവശ്യകളിൽ ഉന്നതസ്ഥാനങ്ങളിൽ നിയമിച്ചു" (3,28-30). ബാബിലോൺ രാജാവിന്റെ കണ്ണുതുറപ്പിച്ച അനുഭവമായിരുന്നു അത്. ദൈവത്തിന്റെ കാരുണ്യം മൂന്നു യുവാക്കളിൽ പ്രകടമാക്കിയതു കണ്ടപ്പോൾ ബാബിലോൺ രാജാവിന്റെ കഠിനഹൃദയം മാറ്റത്തിന് വിധേയമായി. വിപ്രവാസകാലത്ത് ഇസ്രായേലിന്റെ വിശ്വാസജീവിതത്തെ അഗ്നിയിൽ സ്ഫുടം ചെയ്യുകയായിരുന്നു.

"മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല". തീച്ചൂളയിൽനിന്നുള്ള അവരുടെ തിരിച്ചുവരവ് നമ്മെ അനുസ്മരിപ്പിക്കുന്നത് ഇതാണ്.

**ഹനനിയാ, മിഷായേൽ, അസറിയാ എന്നിവർ നല്കുന്ന ജീവിതപാഠം.**

* അന്ധവിശ്വാസത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുക
* സഹനങ്ങളിൽ ദൈവകരം ചേർത്തു പിടിക്കുക
* വിശ്വാസം ഏറ്റുപറയുന്നതിൽ ധൈര്യം കാട്ടുക; പ്രത്യേകിച്ച് പ്രതികൂല സാഹചര്യങ്ങളിൽ.
* വിശ്വാസജീവിതത്തിന്റെ പ്രതീകമായി നിലകൊള്ളുവാനുള്ള നിയോഗം തള്ളിക്കളയരുത്.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജെയ്നമ്മ ചെമ്പനാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: പ്രാർത്ഥനയിൽ സ്ഥിരതയോടെ നിന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈനംദിനജീവിതത്തിലെ കഷ്ടനഷ്ടങ്ങളെ എളിമയോടെ ഏറ്റെടുക്കുവാൻ പഠിപ്പിച്ചുകൊണ്ട് ഞങ്ങളുടെ ആഗ്രഹങ്ങളെയും ഹൃദയനൊമ്പരങ്ങളെയും പ്രാർത്ഥനകളെയും മാതൃഹൃദയത്തിൽ ഏറ്റെടുക്കുകയും തമ്പുരാന്റെ കരങ്ങളിലേല്പിക്കുകയും ചെയ്യുന്ന പരിശുദ്ധ അമ്മേ, നിന്നെപ്പോലെ ഞങ്ങളെയും പ്രാർത്ഥനയുടെ വ്യക്തികളാക്കി മാറ്റുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധാത്മാവിനാൽ മഹത്ത്വീകരിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടവളായ പരിശുദ്ധ അമ്മേ, വഴിതെറ്റാതെ സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിലെത്തിച്ചേരുവാൻ, നിന്നെപ്പോലെ ഞങ്ങളെയും പരിശുദ്ധാത്മനിറവുള്ളവരാക്കി മാറ്റുവാൻ, തിരുക്കുമാരനോട് അപേക്ഷിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പ്രതീക്ഷയുടെ വിതക്കാരിയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

കഠോരമായ അന്ധകാരത്തിന്റെ സമയങ്ങളിൽപോലും പ്രതീക്ഷ നഷ്ടപ്പെടുത്താതെ പിതാവിന്റെ പദ്ധതികൾക്ക് തന്നെത്തന്നെ വിട്ടുകൊടുത്ത പരിശുദ്ധ അമ്മേ, ദുർഗ്രഹമെന്നു തോന്നുന്ന സംഭവങ്ങളുടെ മുമ്പിൽ നിന്നെ അനുകരിക്കാനും നിന്നെപ്പോലെ ഞങ്ങളും പ്രതീക്ഷയുടെ വിതക്കാരായിത്തീരുവാനും തിരുക്കുമാരനോട് അപേക്ഷിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പിതാവിന്റെ ഹിതം നിറവേറ്റിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈവത്തിന്റെ ഹിതം പൂർണതയിൽ നിറവേറ്റിക്കൊണ്ട് കന്യാത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും മാതൃകയായിത്തീർന്ന പരിശുദ്ധ അമ്മേ, ഞങ്ങളും ദൈവസ്നേഹത്തിന്റെ നിറവ് അനുഭവിച്ച്, ജീവിതത്തെ പരിവർത്തനവിധേയമാക്കി, പിതാവിന്റെ ഇഷ്ടം മാത്രം എപ്പോഴും നിറവേറ്റുന്ന നല്ല മക്കളാക്കിത്തീരുവാൻ തിരുക്കുമാരനോട് അപേക്ഷിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിപൂർണതയിലേക്കുള്ള വിളി ലഭിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പിതാവിന്റെ നേർക്കും സഹോദരങ്ങളുടെ നേർക്കുമുള്ള സ്നേഹത്താൽ കത്തിജ്വലിച്ചും ദൈവത്തിന്റെ ചിന്തയോട് പൂർണമായി ഒട്ടിച്ചേർന്നുകൊണ്ടും ജീവിച്ച പരിശുദ്ധ അമ്മേ, നിന്നെപ്പോലെ ഞങ്ങളും ഞങ്ങളുടെ ദൈവവിളിയെ അനുധാവനം ചെയ്തുകൊണ്ട്, പരിപൂർണതയിൽ വളരുവാൻ തിരുക്കുമാരനോട് അപേക്ഷിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



അനുദിന ജീവിതസാഹചര്യങ്ങളിൽ
സുവിശേഷത്തിന് സാക്ഷ്യം വഹിക്കുവാനും,
വിശ്വാസത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ
ജീവിതം നയിച്ച് സഭയിൽ സമൃദ്ധമായ ഫലം പുറപ്പെടുവിക്കുവാനും
പ്രത്യേകമായി ഞങ്ങളെ ക്ഷണിക്കുന്ന ഈ കൈത്താക്കാലത്തിൽ,
ഈശോ നാഥാ, എന്റെ മനസ്സ് നിന്റെ ശിഷ്യന്മാർക്ക്
വിതക്കാരന്റെ ഉപമ വിശദീകരിച്ച തിരുവചനത്തിലേക്കാണ് തിരിയുന്നത്.
നിന്റെ ജീവനുള്ള വചനം എന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടെങ്കിലും,
അത് സാത്താന്റെ പ്രലോഭനങ്ങൾക്ക് വിട്ടുകൊടുത്ത് ശൂന്യഹൃദയനായി
ഞാൻ എത്രയോ പ്രാവശ്യം നടന്നിരിക്കുന്നു!!!
ചിലപ്പോൾ പാറപ്പുറത്തു വീണ വിത്തുപോലെ,
നിന്റെ അചഞ്ചലമായ സ്നേഹത്തിലും വിശ്വസ്തതയിലും
ആഴമായി വേരൂന്നാതെ, നിസ്സാരമായ പരീക്ഷണങ്ങളിലും
പ്രതിസന്ധികളിലും ഞാൻ ഇടറിവീണു. മറ്റുചില അവസരങ്ങളിൽ,
മുൾച്ചെടികൾക്കിടയിൽ വിതയ്ക്കപ്പെട്ട വിത്തുപോലെ,
ലൗകിക വ്യഗ്രതകളും ആഗ്രഹങ്ങളും ജീവിതത്തിന്റെ ആശങ്കകളും
നിന്റെ വചനത്തിന് എന്നിൽ ഫലം പുറപ്പെടുവിക്കാൻ
തടസ്സമായി മാറിയിരിക്കുന്നു.
ഈശോ നാഥാ, നിന്റെ ഈ ദൈവിക പ്രബോധനത്തിന്റെ
നിത്യസത്യങ്ങൾ ഗ്രഹിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.
എന്റെ ഹൃദയത്തെ നല്ല മണ്ണാക്കി മാറ്റി, നിന്റെ വചനം
അതിൽ വേരൂന്നി വളർന്ന് മുപ്പതും അറുപതും നൂറും മേനി
ഫലം പുറപ്പെടുവിക്കുന്ന ജീവിതം എനിക്ക് നൽകണമേ.
സങ്കീർത്തകന്റെ പ്രാർത്ഥന എന്റെ ഹൃദയത്തിന്റെ പ്രാർത്ഥനയാകട്ടെ:
ജീവനോടെ ഇരുന്ന് അങ്ങയുടെ തിരുവചനങ്ങൾ അനുസരിക്കാൻ
അങ്ങയുടെ ദാസന് അനുഗ്രഹം അരുളണമേ.
അങ്ങയുടെ പ്രമാണങ്ങളുടെ അത്ഭുതങ്ങൾ
ദർശിക്കുവാൻ എന്റെ നയനങ്ങൾ തുറക്കണമേ.
ആമേൻ.



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
July 2026

“ദയതന്നുറവാം കർത്താവിൻ
കരുണാവാതിലിലനുവേലം
മുട്ടിവിളിക്കണമഗതികൾ നാം
തളരാതെന്നും യാചിക്കിൽ
ഒട്ടുദിനങ്ങളകന്നാലും
കിട്ടുമനുഗ്രഹമളവെന്യേ.
എല്ലാമെല്ലാം നല്കില്ല
നല്ലവമാത്രം മക്കൾക്കായ്
വല്ലഭനീശൻ നല്കീടും
ചോദിക്കുംമുമ്പന്യൂനം
നമ്മുടെയാശകളറിയുമവൻ
വിജ്ഞാനത്തിൻ നിറവല്ലോ”.
ഓനീസാ ദ്ക്കദം,
(കൈത്താക്കാലം, ആറാം ഞായർ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal